
ധ്വനി
ഗവ എച്ച് എസ് എസ് ചിത്തറ


ഗവ.എച്ച്.എസ് & എച്ച്.എസ്.എസ്.ചിതറ
ശ്രീ.മുല്ലക്കര രത്നാകരൻ MLA യുടെ
നിയോജകമണ്ഡലം ആസ്തിവികസനപദ്ധതി 2012-13 പ്രകാരം നിർമ്മിച്ചത്
HEAD MASTER
OFFICE

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ചന്ദ്രസേനൻ എസ്
(ഹെഡ്മാസ്റ്റർ)

സബ് എഡിറ്റർ : സരിത എസ് മോഹൻ,
: ഹേമ എച്ച്
(കൈറ്റ് മാസ്റ്റേഴ്സ്)

സ്റ്റുഡന്റ് എഡിറ്റർ : ഫിദ വി എസ്
(കൈറ്റ് ലീഡർ)

സബ് എഡിറ്റർ : അൻഫൽ എൻ
: നന്ദന ജെ എസ്
: പ്രിയ ബി
: ജെസ്ന ഫാത്തിമ
: സാന്ദ്ര എസ്

കവർ ഡിസൈനിംഗ് : അൻഫൽ എൻ

ലിറ്റിൽ കൈറ്റ്സിന്റെ 'ധ്വനി' ഡിജിറ്റൽ

മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ചന്ദ്രസേനൻ. എസ്

ഹെഡ്മാസ്റ്റർ

ലിറ്റിൽ കൈറ്റ്സ് ചിതറ എച്ച്. എസ്. യൂണിറ്റ് പുറത്തിറക്കുന്ന 'ധ്വനി' എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**ആർ.അഭിലാഷ്**

സ്റ്റാഫ് സെക്രട്ടറി

കുരുന്നുകളുടെ വിരൽത്തുമ്പുകളിൽ വിരിഞ്ഞ

'ധ്വനി'ക്ക് എല്ലാ ആശംസകളും നേരുന്നു.

ശ്രീലത.ജി

വിദ്യാരംഗം കൺവീനർ

ചിതറ ഗവ. എച്ച്.എസ്.എസിലെ 'ലിറ്റിൽ കൈറ്റ്സ്' കൂട്ടുകാർക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ശൈലേന്ദ്രകുമാർ.കെ.പി

എസ്.ആർ.ജി.കൺവീനർ

ചിതറ എച്ച്. എസിലെ കുട്ടിപ്രതിഭകൾ

തയ്യാറാക്കിയ 'ധ്വനി' എന്ന ഡിജിറ്റൽ

മാഗസിൻ ഡിജിറ്റൽ യുഗത്തിൽ ഒരു വലിയ

മുതൽക്കൂട്ടാകട്ടെ....

**രമേശ് കുമാർ**

ക്ലാർക്ക്

# ആമുഖം

കാല ഘടികാരത്തിന്റെ

ചാക്രിക ചലനങ്ങളിൽ ആർദ്രമായ ഹിമകണം

പോലെ നശ്വരമായ ജീവിത പദങ്ങളിൽ

അറിവിന്റെ മഹാവെളിച്ചത്തെ ഹൃദയത്തിന്റെ

ഇടനാഴിയിലേക്ക് പകർന്നുവയ്ക്കുന്ന

സരസ്വതീക്ഷേത്രം................................

തിരുത്തലുകളുടെയും

തിരിച്ചറിവിന്റെയും വെള്ളക്കടലാസിലേക്ക്

ധ്വനി

പടർന്ന് വീഴുന്ന അക്ഷരത്തുള്ളികൾക്ക്

വിജയരഥങ്ങളുടെ അവസാനിക്കാത്ത കഥകൾ

പറയാൻ എന്നും കരുത്തായ സ്നേഹവീട്.........

ആകാശത്തിന് ചുവട്ടിലെ

കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൾ

കാലങ്ങളെ  വരച്ചിടുമ്പോൾ ലോകം മുഴുവൻ

ഒന്നിലേക്ക് ആവാഹിക്കപ്പെട്ട് തുല്യമായി

വീതിക്കപ്പെടുന്ന സമുദ്രത്തിന്റെ  ആഴത്തിര-

മാല.................................

ആഴത്തിരമാലയിൽ

ഇറങ്ങി ശാസ്ത്രാവബോധത്തിന്റെ മുത്തുകൾ

പെറുക്കാൻ  നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്ന സാങ്കേതിക വിജ്ഞാനത്തെ പരിപോഷിപ്പിച്ച് മൂല്യബോധത്തിനാധാരമായി തീർക്കുവാൻ കഴിയട്ടെ.....................

വിവരസാങ്കേതികവിദ്യയുടെ വാതായനങ്ങൾ ജിജ്ഞാസയോടെ തുറന്ന് ഉയരങ്ങൾ കീഴടക്കുന്നതിന്റെ ആദ്യപടിയാ-കട്ടെ ഈ ധ്വനി...................


**ഉള്ളടക്കം**

എഡിറ്റോറിയൽ ബോർഡ്.....3
.....3
ആമുഖം.....9
കഥകൾ.....15
അന്യന്റെ വാക്ക്.....16
ക്രിക്കറ്റ് മൈതാനത്തെ കുരങ്ങച്ചൻ.....18
കളിവഞ്ചി.....20
കുറുക്കന്റെ കൗശലം.....22
മാതൃസ്നേഹം.....25
മാന്ത്രിക പശു.....28
മൂന്ന് നിർദ്ദേശങ്ങൾ.....31
മുതലയും കോഴിയും.....33
നഷ്ടപ്പെട്ട സ്വർഗം.....34
നീലത്തടാകത്തിലെ.....36
കൂട്ടുകാർ.....36
പാമ്പിനെ തോൽപ്പിച്ച സ്ത്രീ.....40
പിന്റുവിന്റെ കൗശലം.....43
സുന്ദരിയായ അന്ന.....47
സ്വപ്നം.....51
വരാം,വരാതിരിക്കാം എന്നാലും.....55
കാത്തിരിപ്പ് തുടരുന്നു.....55
മറയാത്തൊരോർമ്മ.....66
സ്വാഭാവികത.....72
അമ്മയെന്ന നന്മ.....75
തോൽപ്പിച്ച മുയൽ.....79
ടീഷർ ഐലന്റ്.....82
കവിതകൾ.....84
അക്ഷരം.....84
അമ്മ.....86

അമ്മ മധുരം..........89
അമ്മ വൃക്ഷം..........91
അനന്തത..........95
ബാല്യം..........97
എന്റെ ബാല്യം..........100
..........102
എന്റെ നാട്..........102
സുന്ദരമാകട്ടെ ഏവരുടേയും ജീവിതം..........105
കോഴിക്കുഞ്ഞ്..........108
മരണം..........112
മഴ..........114
മഴയുടെ പ്രണയം..........118
ഓർമ്മ..........119
ഓർമ്മത്തിരച്ചിൽ..........120
പെണ്ണ്..........125
പ്രകൃതിതൻ വികൃതി..........129
ശിശിരത്തിന്റെ കണ്ണീർ..........134
സ്വപ്നങ്ങൾ മായ്ച്ചുകളഞ്ഞ മുഖം..........139
ഇന്നുമാരാത്രിയിൽ എന്നടെ നിദ്രയിൽ..........139
..........142
നീതിക്ക് വേണ്ടി സഖാവ്..........142
വർണ്ണസുരഭി..........144
മുറ്റത്തെ മുല്ല..........148
പൂമൊട്ട്..........150
ആസ്വാദനം..........154
പാത്തുമ്മയുടെ ആട്..........155
കടങ്കഥകൾ..........157
കുസൃതി ചോദ്യം..........165
പഴഞ്ചൊല്ല്..........174
മഹത് വചനം..........180
ചിത്രങ്ങൾ..........183
..........189

ജീവചരിത്രം....194
ചെറുശ്ശേരി....195
നാരായൻ....196
നിത്യചൈതന്യയതി....198
പി.ഭാസ്കരൻ....200
സി.വി. ശ്രീരാമൻ....202
നന്ദി....205

# കഥകൾ



# അന്യന്റെ വാക്ക്

**ഒ**രിടത്തൊരിടത്ത്മൂന്ന് കൂട്ടുകാർ ഒരുമിച്ച് സന്തോഷത്തോടെ ജീവിച്ചിരുന്നു. അവർ മൂന്നു പേർക്കും ഓരോരോ ജോലികൾ ഉണ്ടായിരുന്നു. കിളിക്ക് കാട്ടിൽ പോയി വിറക് ശേഖരിക്കു-മായിരുന്നു. അതു പോലെ എലിക്കു വെള്ളം കോരിക്കൊണ്ടു വരിക എന്നതാണ് അതിന്റെ പണി. അതുപോലെത്തന്നെ കീരിക്കു വീടിനകം വൃത്തിയാക്കൽ . ഇങ്ങനെ അവർ കഴി--ഞ്ഞുപോയിരുന്നു. ഒരു ദിവസം കിളി കാട്ടിൽ

പോവുകയായിരുന്നു, അപ്പോൾ വേറൊരു-

കിളിയുമായി അവൾ  സംസാരിക്കു-കയായിരുന്നു.

അപ്പോൾ അവൾ കൂട്ടുകാരെക്കുറിച്ചും പറഞ്ഞു. ഇതു

കേട്ട മറ്റേ കിളി പറഞ്ഞു, 'അവർ നിനക്ക് വലിയ

ജോലികൾ തന്നിട്ടു അവർ ചെറിയ ചെറിയ

ജോലികൾ ചെയ്യുകയാണ്'. ഇതുകേട്ട കിളി വീട്ടിൽ

ചെന്നു അവരോടു ജോലി മാറ്റണമെന്നു അവരോടു

ആവശ്യപ്പെട്ടു. അവർ ആദ്യം സമ്മതിച്ചില്ല. പിന്നെ

അവർ സമ്മതിച്ചു. എലി വെള്ളം കോരുമ്പോൾ

തൊട്ടിയുടെ ഭാരം കാരണം എലി കിണറ്റിൽ വീണു

മരിച്ചു. കീരി കാട്ടിൽ പോയപ്പോൾ ഒരു നായ

അതിനെ തിന്നു. ഇതറിഞ്ഞ കിളിക്ക് കുറ്റബോധം

തോന്നി. താൻ കാരണമല്ലേ തന്റെ കൂട്ടുകാരെ

നഷ്ടപ്പെട്ടത്. അന്യന്റെ വാക്കുകേട്ട കിളി ഒരു പാഠം പടിച്ചു.



നന്ദന ജെ.എസ്
9E

# ക്രിക്കറ്റ് മൈതാനത്തെ കുരങ്ങച്ചൻ

മഹാരാഷ്ട്രയാണ് ആദ്യം ബാറ്റ് ചെയ്തത്. കളി ഉഷാറായി പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ ആ അപ്രതീക്ഷിത കളിക്കാരൻ ഗ്രൗണ്ടിലിറങ്ങി-ഒരു കുരങ്ങൻ. ആദ്യമൊന്നും കളിക്കാരൻ അത് അത്ര ഗൗനിച്ചില്ലെങ്കിലും വൈകാതെ കുരങ്ങച്ചാർ ശല്യമായി. അങ്ങോട്ടുമിങ്ങോട്ടുംഓടുകയും കളിക്കാരെ മാന്തുകയും അമ്പയറുടെ ഷർട്ടിൽ പിടിച്ച് വലിക്കുകയുമൊക്കെ വിരുതൻ ശരിക്കും കളി കുളമാക്കി കുരങ്ങനെ ഓടിക്കാൻ പതിനെട്ടടവും

നോക്കിയെങ്കിലും നടന്നില്ല. ഗതികെട്ട അമ്പയർ കളി നിർത്തി. പിറ്റേന്നും കുരങ്ങൻ കളി കാണാനെത്തി, അന്നും കുറേനേരം കളി മുടങ്ങി. ഏതായാലും ആ കളി സമനിലയിലായി. കുരങ്ങൻ സമയം കളഞ്ഞിരുന്നില്ലെങ്കിൽ ഫലം മറ്റൊന്നാകുമായിരുന്നോ? ആർക്കറിയാം?..........



നയന എ വി
9E

# കളിവഞ്ചി

മഴ പെയ്തു തീർന്നപ്പോൾ ആകാശം തെളിഞ്ഞു. സൂര്യന്റെ പ്രകാശം എങ്ങും പരന്നു. തവളകളുടെ ക്രോം ക്രോം ശബ്ദം കേട്ടപ്പോൾ സാജൻ പറമ്പിലൂടെ നടന്ന് തോടിന്റെ അരികിലെത്തി. അവൻ നിറഞ്ഞ് ഒഴുകുന്ന തോട്ടിലേക്ക് ഒരു പുൽനാമ്പ് നുള്ളിയിട്ടു. അതു ഒഴുകിപ്പോകുന്നത് കണ്ടപ്പോൾ അവന് മറ്റൊന്നു ഓർമ്മ വന്നു. അവൻ വേഗത്തിൽ വീട്ടിലേക്കു തിരിച്ചു നടന്നു. കുറച്ചു സമയത്തിനുള്ളിൽ സാജൻ ഒരു കളിവഞ്ചിയുമായി തോടിന്റെ

അരികിലെത്തി.അവനതു ഒഴുക്കി വിട്ടു.ആ സമയം കാർമേഘം സൂര്യനെ മറച്ചു.പിന്നെ മഴപെയ്യാൻ തുടങ്ങി.



നൗഫിയ നജീം

9E

# കുറുക്കന്റെ കൗശലം

**ഒ**രു ഭയങ്കരമായ കാട്ടിലൂടെ ഒരു കാളവണ്ടിക്കാരൻ തന്റെ കാളവണ്ടിയിൽ പോകുകയായിരുന്നു .ആ കാളവണ്ടിയിൽ നിറയെ മീനായിരുന്നു. ഒരു കുറുക്കൻ ഇത് കണ്ടുകൊണ്ടു വരികയായിരുന്നു.വണ്ടിയിൽ നിറയെ മീനാണെന്ന് മനസ്സിലാക്കിയ കുറുക്കന്റെ തലയിൽ ഒരു ബുദ്ധിയുദിച്ചു.കുറുക്കൻ കാളവണ്ടിയുടെ മുന്നിൽ മരിച്ചത് പോലെ പോയിക്കിടന്നു. ഇതുകണ്ട കാളവണ്ടിക്കാരൻ

കുറുക്കന്റെ തൊലിക്ക്നല്ല വില കിട്ടുമെന്നുകരുതി

കുറുക്കനെ തന്റെ കാളവണ്ടിയിൽ എടുത്തിട്ടു. തക്കം

കിട്ടിയ കുറുക്കൻ അതിലിരുന്ന മീൻ മുഴുവൻ

തിന്നാൻ തുടങ്ങി. വയറുനിറഞ്ഞ കുറുക്കൻ

കാളവണ്ടിയിൽ നിന്നുചാടിയിറങ്ങി.

അതു കണ്ടു കൊണ്ടു വന്ന ചെന്നായ കുറക്കനോട്

കാര്യങ്ങൾ അന്വേഷിക്കുകയും അത്പോലെ

ചെന്നായ ചെയ്യാൻ തീരുമാനിച്ചു. കുറുക്കൻ

ചെയ്തുപോലെ വഴിയിൽ ചത്തതു പോലെ കിടന്നു.

ഇതു കണ്ട് കാളവണ്ടിക്കാരൻ ചെന്നായെയും

എടുത്ത് വണ്ടിയിലിടാൻ ശ്രമിച്ചു. പക്ഷേ,ഒരു

കുഴപ്പം. കാളവണ്ടിക്കാരന് കുറുക്കനെ

എടുത്തതുപോലെ ചെന്നായയെ എടുക്കാൻ

കഴിഞ്ഞില്ല. കാരണം ചെന്നായക്ക്

കുറുക്കനെക്കാൾ ഭാരമായിരുന്നു. അതുകൊണ്ട്

കാളവണ്ടിക്കാരൻ ആ ചെന്നായയെ ഒരു ചാക്കിൽ

കയറ്റി മുറുക്കെകെട്ടി കാട്ടിലേക്ക്


വലിച്ചെറിഞ്ഞു.ചെന്നായക്ക് ഭാരം കൂടുതലായത്

കാരണം അതിന്റെ പദ്ധതി നടത്താൻ കഴിഞ്ഞില്ല.



അൻഫൽ.എൻ

9E



# മാതൃസ്നേഹം

ഒരിടത്ത് ഒരു അമ്മക്കിളി

താമസിച്ചിരുന്നു.ആ അമ്മക്കിളി വളരെ സ്നേഹം

ഉള്ളവളായിരുന്നു. അമ്മക്കിളി തന്റെ കുഞ്ഞുങ്ങളെ

കാണാൻ വേണ്ടി മലമുകളിൽ കൂടി പറന്നു

പോവുകയായിരുന്നു. കിളി വന്ന് മരച്ചില്ലയിൽ

വന്നിരുന്നു . കിളി നോക്കുമ്പോൾ തന്റെ മുട്ടകൾ

വിരിഞ്ഞ് കിളി കുഞ്ഞുങ്ങൾ പുറത്ത് വരുന്നത്

കണ്ടു. മനോഹരമായ കുഞ്ഞുങ്ങളാണ് പുറത്തു

വന്നിരിക്കുന്നതെന്നോർത്ത് അമ്മക്കിളി

സന്തോഷിച്ചു. കുഞ്ഞു കിളികൾക്ക് വേണ്ടി

ഭക്ഷണത്തിനായി അമ്മക്കിളി പറന്ന്

പോയി. അമ്മക്കിളി പറന്ന് ദൂരേക്ക് പറന്ന്

പോയപ്പോൾ നദിയുടെ ശബ്ദം കേട്ടു . അമ്മക്കിളി

നദിയുടെ അടുത്തേക്ക് പോയി. നദിയിൽ നിന്ന് ഒരു

മീനിനെ പിടിച്ചുകൊണ്ട് അമ്മക്കിളി ദൂരേക്ക് പറന്ന്

പോയി. അങ്ങനെ അമ്മക്കിളി മീനിനെയും കൊണ്ട്

നഗരത്തിലെത്തി.അവിടെ ധാരാളം ആൾ

ക്കാരുണ്ടായിരുന്നു.കുട്ടികൾ,മുതിർന്നവർ അങ്ങനെ

ധാരാളം..........

അമ്മക്കിളിക്ക് തന്റെ കുഞ്ഞങ്ങളെ കാണാൻ

കൊതിയായി.അങ്ങനെ അമ്മക്കിളി പറന്ന് പറന്ന്

മലമുകളിൽ എത്തി ചേർന്നു.അമ്മക്കിളിക്ക്

കുഞ്ഞുങ്ങളെ കാണാനുള്ള ആഗ്രഹം കൂടി കൂടി

വന്നു. ഒടുവിൽ അമ്മക്കിളി കുഞ്ഞുങ്ങൾ

ഇരിക്കുന്നിടത്തേക്ക് എത്തി. അമ്മക്കിളി

നോക്കുമ്പോൾ കുഞ്ഞുങ്ങൾ ഇരിക്കുന്ന മരം തീ

പിടിച്ചു. ഇത് സഹിക്കാൻ വയ്യാതെ അമ്മക്കിളി ആ

ധ്വനി

തീയിൽ എടുത്ത് ചാടി. അങ്ങനെ അമ്മ കിളിയും

കുഞ്ഞു- കിളിയും ആ തീയിൽ പെട്ട് മരണപ്പെട്ടു.



സാന്ദ്ര എസ്സ്.എസ്സ്

9E

# മാന്ത്രിക പശു

പണ്ട് ഒരിടത്ത് ഒരു

കൃഷിക്കാരൻ ഉണ്ടായിരുന്നു . അവന്റെ പേര്

ജാക്ക്. അവന് ഒരു പശു ഉണ്ടായിരിന്നു.ജാക്കിന്

ദാരിദ്രം ആയിരുന്നു .അവന്റെ അയൽക്കാരൻ

ജാക്കിനെ കാണുമ്പോൾ അസൂയ തോന്നും.

ഇത്രയും ദാരിദ്രമായിട്ടും അവൻ സന്തുഷ്ട്നാണ്.

ജാക്കിന്റെ അയൽക്കാരൻ പണക്കാരനാണ്.

അവൻ ദിവസം ചെല്ലുമ്പോൾ

ദരിദ്രനായിക്കൊണ്ടിരുന്നു. പശുവിന് ആഹാരം

വാങ്ങാൻ കാശ് ഇല്ലായിരുന്നു. അവന്റെ അയൽക്കാരൻ ജാക്കിനോട് ചോദിച്ചു .പശുവിനെ വിൽക്കാൻ താൽപര്യം ഉണ്ടോ.ജാക്ക് പറഞ്ഞു എത്ര രൂപ തരും. അയൽക്കാരൻ പറഞ്ഞ പൈസയ്ക്ക് ജാക്ക് പശുവിനെ നൽകില്ല അവന് ഏറെ പണം വേണമായിരുന്നു. ദേഷ്യം വന്ന അയൽക്കാരൻ അവിടെ നിന്ന് പോയി. അവൻ പറയുന്ന പൈസകൊടുത്തു പശുവിനെ വിൽക്കാൻ അന്യനാട്ടിലേക്ക് പോവാൻ തീരുമാനിച്ചു. അവന്റെ കൈയ്യിൽ അഞ്ച് അണ ഉണ്ടായിരിന്നു. അത് പശുവിന്റെ കഴുത്തിൽ കെട്ടിയിട്ടു. അന്യനാട്ടിൽ എത്തി അവൻ പശുവിനെ മരത്തിൽ കെട്ടിയിട്ടു. ജാക്ക് കുറച്ചു അങ്ങോട്ട് പോയി പശുവിന്

വേണമെന്ന് അപ്പോൾ ഒരു വ്യാപാരി ആ പശുവിനെ കണ്ടു. അതിന്റെ കഴുത്തിൽ നിന്ന് നാണയങ്ങൾ തറയിലേക്ക് വീണു. ആ വ്യാപാരി വിചാരിച്ചു ഇത് ഒരു മാന്ത്രിക പശുവാണ് ഇതിന്റെ യജമാനന് അറിയില്ല. ആ വ്യാപാരി ആ പശുവിനെ വാങ്ങി. ഇതിലെ ഗുണപാഠം അത്യാഗ്രഹം ആപത്ത്.



നൗഫിയ നജീം
9E

# മൂന്ന് നിർദ്ദേശങ്ങൾ

**ഒ**രിക്കൽ മൂന്ന് എൻജിനീയർമാർ കാറിൽ യാത്രചെയ്യുകയായിരുന്നു. ഒരാൾ ഇലക്ട്രിക്കൽ എൻജിനീയർ ;മൂന്നാമൻ കംമ്പ്യൂട്ടർ എൻജിനിയർ വഴിയിൽ വെച്ച് കാർ കേടായി "ഇലക്ട്രിക്ക് സംബന്ധമായ എന്തോ തകരാറാണ് കാർ കേടായത് " ഇലക്ട്രിക്കൽ എൻജിനീയർ പറഞ്ഞു"ഏയ് പെട്രോൾ കുഴപ്പമാണ് കാർ കേടായത് എന്ന് കെമിക്കൽ എൻജിനിയർ തട്ടിവിട്ടു. കാറിനെ കുറിച്ച് ഒന്നുമറിയില്ലെങ്കിലും

കമ്പ്യൂട്ടർ എൻജിനിയറും വിട്ടുകൊടുത്തില്ല. അയാൾ പറഞ്ഞു."നമ്മുടെ വിൻഡോസെല്ലാം ക്ലോസ് ചെയ്തിട്ട് ഒന്നു കൂടി ഓപ്പൺ ചെയ്തുനോക്കാം എന്തുപറ്റിയെന്നറിയാം ...."



ജെസ്ന ഫാത്തിമ
9D

# മുതലയും കോഴിയും

**ആ**റ്റിൻ കരയിൽ ചിന്നു എന്ന് പേരുള്ള ഒരു കോഴിയുണ്ടായിരിന്നു. ആ കോഴി തീറ്റ തേടി പോകുമായിരിന്നു. ഒരിക്കൽ ആറ്റിൽ നിന്ന് ഒരുമുതല അതിനെ പിടിക്കാൻ വന്നു. അപ്പോൾ കോഴി ഓടി രക്ഷപ്പെട്ടു.പിറ്റേ ദിവസം കോഴി തീറ്റ തേടി പോയപ്പോൾ മുതല പിടിച്ചു.അപ്പോൾ കോഴി പറഞ്ഞു എന്റെ പൊന്നു BRO എന്നെ വിട്ടേക്കു എന്ന്. കോഴിയെ കളഞ്ഞിട്ട് ആ മുതല ആ വിളിയെകുറിച്ച് ഓർത്തു കൊണ്ടേയിരിന്നു............

അഫ്സൽ ഷാ



9E

# നഷ്ടപ്പെട്ട സ്വർഗം

ഒരിടത്ത് ഒരു കാട്ടിൽ ഒരു വലിയ മരത്തിൽ അമ്മക്കിളിയും

ഭംഗിയായ മൂന്ന് മുട്ടകളും ഉണ്ടായിരുന്നു.

അമ്മക്കിളി മുട്ടകൾ വിരിയാൻ വേണ്ടി ആകാംശയോടെ കാത്തിരിക്കുന്നു.

പെട്ടെന്ന് മുട്ടകൾ വിരിയാൻ തുടങ്ങി ,

അതിസുന്ദരികളായ കിളിക്കുഞ്ഞുങ്ങൾ!

അമ്മക്കിളിക്ക് സന്തോഷമായി. അമ്മക്കിളി തന്റെ

ചിറകുകൾ കൊണ്ട് കുഞ്ഞുങ്ങളെ ചേർത്തുപിടിച്ചു.

കിളികുഞ്ഞുങ്ങൾ വിശന്ന് കരയാൻ തുടങ്ങി. അപ്പോൾ അമ്മക്കിളി  ഇരയെത്തേടാൻ വേണ്ടി ദൂരേക്ക് പറന്നു.അൽപ്പ സമയം കഴിഞ്ഞപ്പോൾ കുറേ ക്രൂരരായ മനുഷ്യർ വന്ന് കാട്ടിലെ മരങ്ങളെല്ലാം വെട്ടിനശിപ്പിച്ചു. അമ്മക്കിളി തിരിച്ചു ഇരയുരമായി വന്നപ്പോൾ തന്റെ കുഞ്ഞുങ്ങൾ തറയിൽ മരിച്ചു കിടക്കുന്നു. അമ്മക്കിളിയുടെ കണ്ണിൽ നിന്ന്  കണ്ണീർ പൊഴിഞ്ഞു. തന്റെ ജീവനായി സ്നേഹിച്ച കുഞ്ഞുങ്ങളെ മനുഷ്യൻ നശിപ്പിച്ചിരിക്കുന്നു.



നന്ദന.ജെ.എസ്സ്
9E

# നീലത്തടാകത്തിലെ കൂട്ടുകാർ

ഒരിടത്തൊരിടത്ത് ഒരു തടാകത്തിൽ അമ്മ താറാവുണ്ടായിരുന്നു. ആ അമ്മത്താറാവ് അടയിരുന്ന് സുന്ദരികളും സുന്ദരന്മാരുമായ കുഞ്ഞിത്താറാവ് മുട്ടത്തോടിനു പുറത്ത് കടന്നപ്പോൾ കാലുതെറ്റി വീണു. അത് മറ്റുകുഞ്ഞുങ്ങളേക്കാൾ ചെറുതും ആരോഗ്യമില്ലാത്തതുമായിരുന്നു, എങ്കിലും

അമ്മത്താറാവ് ആ കുഞ്ഞിനെ ഓമനിച്ചു.

മറ്റുള്ളവരേക്കാൾ മിടുക്കിയാവാൻ അവൾക്കും

കഴിയുമെന്ന് ആശ്വസിപ്പിച്ചു.മറ്റു താറാക്കുഞ്ഞുങ്ങൾ

വെള്ളത്തിലൂടെ നീന്തിത്തുടിച്ചപ്പോഴെല്ലാം

അവൾ പേടിച്ച് മാറി നിന്നു.ഇതുകണ്ട് മറ്റ്

കുഞ്ഞിങ്ങളെല്ലാം അവളെ കളിയാക്കി.തക്കം

കിട്ടുമ്പോഴെല്ലാം അവർ അവളെ ഉപദ്രവിച്ചു.

ഒരു ദിവസം അമ്മത്താറാവ് കുഞ്ഞിത്താറാവിനെ

മറ്റു കുഞ്ഞുങ്ങളുടെ അടുക്കൽ നോക്കാൻ ഏൽപ്പിച്ച്

ദൂരെ ഒരിടത്ത് തീറ്റതേടാൻ പോയി.അമ്മത്താറാവ്

തിരികെ വരാൻ താമസിച്ചു.മറ്റു കുഞ്ഞിങ്ങളെല്ലാം

ചേർന്ന് കുഞ്ഞിത്താറാവിനെ ഉപദ്രവിച്ചു.അവൾ

പേടിച്ചോടി ഒരു കാട്ടിലെത്തി.മൂങ്ങയുടെയും

കുറുക്കന്റെയും ശബ്ദം കേട്ട് അവൾക്ക്

പേടിയേറി.നേരം വെളുത്തപ്പോൾ തന്നെ അവൾ

കാട്ടിൽ നിന്ന് നടന്ന് ഒരു നാട്ടിൻ

പുറത്തെത്തി.നടന്ന് നടന്ന് അവൾ ഉണ്ണൂലി എന്ന്

പേരുള്ള ഒരു മുത്തശ്ശിയുടെ കുടിലിലെത്തിയ

അവളോട് എങ്ങനെയാണ് ഇവിടെ

എത്തിപ്പെട്ടതെന്ന് മുത്തശ്ശി

ചോദിച്ചു.തനിക്കാരുമില്ലെന്നവൾ കരഞ്ഞു

പറഞ്ഞു.ആ കുടിലിൽ കഴിയാൻ മുത്തശ്ശി

അനുവദിച്ചു.കുഞ്ഞിത്താറാവിനെ ചന്തയിൽ

കൊണ്ടുപോയി വിൽക്കാൻ ഉണ്ണൂലി മുത്തശ്ശിയും

മകനും തീരുമാനമെടുത്തത് കേട്ടു.അവൾ

പേടിച്ചു.അന്നു രാത്രി തന്നെ അവൾ ആ

വീട്ടുവിട്ടുപോയി. രാത്രിയിൽ തപ്പിതടഞ്ഞ് ഒരു

വയലിലെത്തി. പിറ്റേന്ന് അതുവഴിവന്നൊരു

കർഷകൻ അവളെയുമെടുത്ത് വീട്ടിലെത്തി. തന്റെ

കുഞ്ഞുങ്ങൾക്ക് കളിക്കാനായി

കൊടുത്തു. കുട്ടികൾ തന്നെ കൊല്ലുമെന്നവൾ

ഭയന്നു. എന്നാൽ ആ കുട്ടികൾ

അങ്ങനെയുള്ളവർ ആയിരുന്നില്ല. അവർക്ക്

കുഞ്ഞിത്താറാവിനോട് ദയവ് തോന്നി. അടുത്തുള്ള

ഒരു തോട്ടിൽ കൊണ്ടുപോയി വിട്ടു. അവൾ

തോട്ടിലൂടെ ഒഴുകിയൊഴുകി ഒരു വലിയ നീല

തടാകത്തിലെത്തി. ആ തടാകത്തിൽ

നീന്തിത്തുടിച്ചിരുന്ന മനോഹരങ്ങളായ

അരയന്നങ്ങൾ അവളുടെ അരികിലെത്തി.

അവളുടെ കഥ കേട്ട് അവർക്ക് അലിവ് തോന്നി. അവൾക്ക് തിന്നാൻ അവർ താമരനൂലുകൾ നൽകി. താമരനൂലുകൾ കഴിച്ച കുഞ്ഞിത്താറാവ് സുന്ദരിയായ ഒരു അരയന്നമായി മാറി. അവൾ താനൊരു അരയന്നവും സുന്ദരിയുമായി എന്ന സന്തോഷത്തോടെ അവൾ പുതിയ കൂട്ടുകാരോടൊപ്പം അരയന്നമായി ജീവിച്ചു.



ജെസ്ന ഫാത്തിമ

9D

# പാമ്പിനെ തോൽപ്പിച്ച സ്ത്രീ

യജ്ഞ സോമനും, കീർത്തി സോമനും സഹോദരന്മാരായിരുന്നു. ധൂർത്തനായ

യജ്ഞ സോമൻ ചൂതുകളിച്ച് തന്റെ സ്വത്ത് മുഴുവൻ മുടിച്ചു. ഒടുവിൽ പട്ടിണി മാത്രം കൂട്ടായി. പട്ടിണി കൊണ്ട് വലഞ്ഞപ്പോൾ ഭാര്യയോടൊപ്പം നാട് വിട്ടു. യാത്ര ചിലവിനുള്ള പണം പോലും കീർത്തി സോമൻ കൊടുത്തില്ല. നാടായ നാടും കാടായ കാടും ചുറ്റിയടിച്ച് അവർ മലഞ്ചെരുവിലെത്തി. അവിടെ വച്ച് വിശന്നു വലഞ്ഞ ഒരു മലമ്പാമ്പ് യജ്ഞ സോമനെ വിഴുങ്ങി. അയാളുടെ ഭാര്യ ഇതു കണ്ട് വാവിട്ടു കരഞ്ഞു. കരച്ചിൽ കേട്ട് മലമ്പാമ്പ് ചോദിച്ചു 'എടി പെണ്ണേ നീ എന്തിനാ കരയുന്നേ' 'അയ്യോ! ഇനി എങ്ങനെ ജീവിക്കും എന്ന് ഓർത്തിട്ട് എന്റെ നെഞ്ച് പൊട്ടുന്നു' അവൾ

പറഞ്ഞു എങ്കിൽ ഞാൻനിനക്കൊരു ഭിക്ഷാപാത്രം തരാം.നീ ഭക്ഷണം തെണ്ടി ജീവിച്ചോളു' പാമ്പ് ഉപദേശിച്ചു.'പക്ഷെ,ആരാണെനിക്കൊരു ഭിക്ഷ നൽകുക ഞാനൊരു സ്ത്രീ അല്ലെ?'അവർ അന്വേഷിച്ചു.'സ്ത്രീയായ നിനക്ക് ചോദിക്കുന്നതെന്തും ദാനം കിട്ടും,അഥവാ നൽകാതിരുന്നാൽ അവന്റെ തല കഷ്ണങ്ങളായി പൊട്ടിച്ചിതറും!'പാമ്പ് അനുഗ്രഹിച്ചു. ഉടനെ അവൾ ആദ്യത്തെ ഭിക്ഷയ്ക്കായി മലമ്പാമ്പിന്റെ നേർക്കുതന്നെ കൈനീട്ടി. നിനക്കെന്തു വേണം?' പാമ്പ് ആരാഞ്ഞു. എന്റെ ഭർത്താവിനെ എനിക്കു തിരിച്ചു തരണം.'സ്ത്രീ പാമ്പിനോട് ചോദിച്ചു.പാമ്പ് സ്ത്രീയ്ക്ക് കൊടുത്ത അനുഗ്രഹത്തെക്കുറിച്ച് ഓർക്കാതെ

ഉടനെ പറഞ്ഞു 'ഞാൻ എങ്ങനെ നിന്റെ ഭർത്താവിനെ തിരിച്ച് തരും.എനിക്ക് അതിന് സാധിക്കില്ല.'ഇതു പറഞ്ഞയുടനെ പാമ്പിന്റെ തല കഷ്ണങ്ങളായി പൊട്ടിച്ചിതറി.താൻ കൊടുത്ത അനുഗ്രഹത്തെ കുറിച്ച് ചിന്തിക്കാത്തതുമൂലമാണ് പാമ്പിന് ആ ഗതി വന്നത്.



അൻഫൽ.എൻ

9E

# പിന്റുവിന്റെ കൗശലം

**പി**ങ്കിക്കാക്കയും, പിന്റുക്കാക്കയും

കൂട്ടുകാരാണ്. നഗരം ചുറ്റിക്കറങ്ങുക എത്രവലിയ വെയിലത്തും നഗരത്തിന്റെ മുക്കും മൂലയും കൊത്തിപ്പെറുക്കും. അവർക്കു വല്ലാത്ത ദാഹം തോന്നി. ഒരു തുള്ളി വെള്ളം കാണുന്നില്ല. ദാ നോക്ക് ആ മരച്ചുവട്ടിൽ ഇരിക്കുന്ന കുടം കണ്ടില്ലേ... അതിൽ നിറയെ വെള്ളമുണ്ടായിരിന്നെങ്കിൽ ചെറിയ കല്ലുകൾ പെറുക്കി കുടത്തിലിട്ട് ദാഹം തീർക്കാം എന്ന് പറഞ്ഞ് പിങ്കി കൂട്ടുകാരിയെ ക്ഷണിച്ചു.



ശ്രീജിത്ത്.ജെ.എം

9E

# ശിൽപ്പിയും രാജാവും

ഉഗ്രസേനൻ എന്ന രാജാവിന് ഒരിക്കൽ ഒരു മോഹം തോന്നി തന്റെ ഒരു പ്രതിമയുണ്ടാക്കി കൊട്ടാരത്തിൽ വെയ്ക്കണം.പ്രതിമ നിർമ്മിക്കാൻ രാജാവ് കനകൻ എന്ന ശിൽപ്പിയെ ഏൽപ്പിച്ചു.പ്രതിമ പൂർത്തിയായതും രാജാവും പരിവാരങ്ങളും മൂടിയിരുന്ന തുണി മാറ്റി.''അതാ,പ്രതിമയ്ക്ക് കണ്ണില്ല അത് കണ്ട രാജാവിന് കോപം വന്നു.''ഹും പ്രതിമ ഉണ്ടാക്കാൻ അറിയാത്ത ധിക്കാരി ,ഇവനെ

തടവിലാക്കി''രാജാവ് കൽപ്പിച്ചു ''പ്രഭോ

ഇതെങ്ങനെ സംഭവിച്ചു എന്ന് അടിയന്

അറിയില്ല''പക്ഷേ,കുറച്ച് ദിവസത്തെ സമയം

തന്നാൽ മറ്റൊരു പ്രതിമയുണ്ടാക്കാം എന്ന്

കനകൻ പറഞ്ഞു, രാജാവ് സമ്മതിച്ചു.അങ്ങനെ

പുതിയ പ്രതിമ തയ്യാറായി,രാജാവും പരിവാരങ്ങളും

പ്രതിമ കണ്ട് അത്ഭുതപ്പെട്ടു,അത്ര ഗംഭീരമായിരുന്നു

അത്.കനകനെവിടെ,രാജാവ് ചോദിച്ചു കനകനെ

അവിടെങ്ങും കാണാനില്ലായിരുന്നു ഒടുവിൽ

രാജാവും പരിവാരങ്ങളും കനകന്റെ

വീട്ടിലെത്തി.അവിടെ കനകനെപ്പോലുള്ള

പത്തുപേർ! അവിടെ ഒരു കുറിപ്പും വച്ചിരുന്നു

"പ്രഭോ, ഇക്കൂട്ടത്തിൽ നിന്നും കനകനെ

കണ്ടുപിടിച്ച തടവിലാക്കിയാലും ' കുറിപ്പ് വായിച്ച രാജാവ് ധർമ്മസങ്കടത്തിലായി ''കനകാ നിന്റെ കഴിവ് എനിക്ക് ബോധ്യമായി പുറത്ത് വന്നോളൂ'' ഉഗ്രസേനൻ പറഞ്ഞു.ഉടനെ പ്രതിമകളുടെ ഇടയിൽ നിന്നും കനകൻ ഇറങ്ങിവന്നു.''കനകാ ക്ഷമിക്കു നിന്റെ കഴിവ് നാം നേരത്തേ മനസ്സിലാക്കിയില്ല.''രാജാവ് പറഞ്ഞു.അദ്ദേഹം കനകന് ധാരാളം സമ്മാനങ്ങൾ നൽകി.



ജെസ്ന ഫാത്തിമ
9D



# സുന്ദരിയായ അന്ന

പണ്ട്പണ്ട് ഒരിടത്തൊരു

ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ രാമ

എന്ന് പേരുള്ള ഒരു കർഷകൻ താമസിച്ചിരുന്നു. അയാൾക്ക് ഒരു ഭാര്യയുണ്ടായിരുന്നു. അവളുടെ പേരാണ് കാന്തമ്മ.ആ കർഷകനും അയാളുടെ ഭാര്യയുംനല്ലവരായിരുന്നു.അവരുടെ വിവാഹം കഴിഞ്ഞിട്ട് പത്ത് വർഷമായി.എന്നിട്ടും അവർക്ക് കുട്ടികളില്ലായിരുന്നു.അങ്ങനെ ഒരു ദിവസം കാന്തമ്മ ഗർഭിണിയായി. അവൾക്ക് ജനിക്കാൻ പോകുന്ന കുഞ്ഞ് സൂര്യന്റെ തേജസ്സും മഞ്ഞിന്റെ നിറവുമായിരിക്കണം എന്ന് അവൾ ആഗ്രഹിച്ചു. അവൾ പ്രസവിച്ചു.ആ കുട്ടി അവളാഗ്രഹിച്ചതു പോലെ സൂര്യന്റെ തേജസ്സും മഞ്ഞിന്റെ നിറവുമായിരുന്നു.അവൾക്ക് അവർ അന്നാ എന്ന് പേരിട്ടു. അങ്ങനെ അന്ന വളർന്ന്

അവൾ വലിയ കുട്ടിയായി. അവളുടെ അമ്മ

അവളുടെ പതിനെട്ടാം വയസ്സിൽ മരിച്ചു.അങ്ങനെ

അയാൾ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചു.

അവരുടെ മകൾ ഒരു അഹങ്കാരിയും,

ദയയില്ലാത്തവളുമായിരുന്നു

അങ്ങനെ അച്ഛൻ മറ്റ് സ്ഥലത്ത് പോകുമ്പോൾ

അവർ അന്നയെ ഉപദ്രവിക്കും.ഒരു ദിവസം

അവിടെയുള്ള രാജാവിന് നല്ല ഒരു പെൺകുട്ടിയെ

വിവാഹം കഴിക്കും എന്ന് ഒരു അറിയിപ്പ് വന്നു.

അങ്ങനെ ആ സ്ത്രീ അവളുടെ മകളേയും കൂട്ടി

കൊട്ടാരത്തിൽ പോയി.അന്നക്കും അവരുടെ

കൂടെപോകണമെന്നൊരാഗ്രഹമുണ്ട്. എന്നാൽ

അവളെ അവർ കൊണ്ട് പോയില്ല.അവർ കൊട്ടാര

വതിൽക്കലിനുള്ളിൽ കയറിയപ്പോൾ വീട്ടിൽ അന്ന

ഒറ്റയ്ക്ക് വീട്ടിൽ ഇരിക്കുകയാണ്. അപ്പോൾ അവൾ

തന്റെ രണ്ടാനമ്മയുടെ മകളുടെ ഒരു വസ്ത്രംഇട്ടു

കൊണ്ട് അവൾ കൊട്ടാര ത്തിലേക്ക്

പോയി.രാജാവ് അവളെ കണ്ടു.പെട്ടെന്ന് രാജാവ്

അവളുടെ

അടുത്തെത്തി.അവളോടുചോദിച്ചു"എന്നെ വിവാഹം

കഴിക്കാൻസമ്മതമാണോ?" അവൾ

സമ്മതമാണെന്ന്പറഞ്ഞു. അവളും

രാജകുമാരനുമായുള്ളവിവാഹം ഉറപ്പിച്ചു. അവരുടെ

വിവാഹം ആഘോഷമായി നടത്തി. ആ ദുഷ്ടയായ

സത്രീയും മകളും അത് കണ്ട് ദേഷ്യത്തോടെ നിന്നു.

അവർ ചെയ്ത ദുഷ്ടതകൾ അറിഞ്ഞപ്പോൾ രാജാവ്

അവരെ തുറങ്കലിൽ പൂട്ടിയിട്ടു. എന്നിട്ട്

രാജകുമാരനും അന്നയും സുഖമായി ജീവിച്ചു.

അനുപമ

5E

# സ്വപ്നം

**അ**തി സുന്ദരമായ ഒരു പൂന്തോട്ടം നിറയെ ചിത്രശലഭങ്ങൾ പറന്ന് നടക്കുന്നു നീല, പച്ച ........പലനിറങ്ങളിൽ കാഴ്ചകൾ. ആ പൂന്തോട്ടത്തിൽ അതിനെ ചുറ്റിനിൽക്കുന്ന വേലി പോലെ മരങ്ങൾ. കാറ്റിൽ പൂക്കളുടെ ഗന്ധം നിറഞ്ഞ് ഒഴുകി. അതിന് ഇടയിൽ ആരോ നടക്കുന്നുണ്ട് അതാണ് മോളു.സ്കൂൾ അടച്ചത് കൊണ്ട് രാവിലെ തന്നെ അവൾ പൂന്തോട്ടത്തിൽ എത്താറുണ്ട്. അമ്മു ആ പൂന്തോട്ടത്തിലെ കാഴ്ചകൾ കണ്ട് നടന്നു. വൈകുന്നേരം അവൾ തന്റെ വീട്ടിലേക്ക് പോകാൻ തുടങ്ങിയപ്പോൾ

എവിടനിന്നോ ഒരു ശബ്ദം. അവൾ ആ പുഴക്കരയിൽ നിന്ന് തിരികെ ആ പൂന്തോട്ടത്തിലേക്ക് വന്ന് അവിടെ മുഴവൻ  അവൾ ആ ശബ്ദം ഏതാണെന്ന് അറിയാൻ  ശ്രമിച്ചു. എന്നാൽ അവൾക്ക്  അത് കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. അവൾ തന്റെ വീട്ടിലേക്ക് പോകാൻ പുഴക്കരയിൽ ചെന്നു. ഉണ്ണിമാമൻ പുഴക്കരയിൽ തന്നെ ഉണ്ടായിരുന്നു. വള്ളം പുഴയ്ക്ക്   അരികിലേക്ക് അടുപ്പിച്ചു.മാളു മാമനോട്  ചോദിച്ചു "മാമാ ഈ വൈകുന്നേരം ഉള്ള ശബ്ദം ഏത് കിളിയുടേതാണ്"? 'അതോ  അത് മയിലിന്റെ ശബ്ദമാണ്. മയിലോ? ഞാൻ  ഇതു വരെ മയിലിനെ കണ്ടിട്ടില്ല അത്  പൂന്തോട്ടത്തിൽ

കാണോ? ഇല്ല മാളു അത് കുഞ്ഞ് മഞ്ചാടിക്കാട്ടിൽ

കാണാം.മോള് അച്ഛനോട് പറ, അച്ഛൻ മോളെ

കൊണ്ടു പോയി കാണിക്കും. മോള് ഇറങ്ങുന്നില്ലേ,

വീട് എത്തി. ദാ ഇറങ്ങുന്ന് മാമാ. മാളു വീട്ടിൽ

ചെന്ന് കുളിച്ച് ചായ കുടിച്ചു

കൊണ്ട് മുറ്റത്തേയ്ക്ക് നോക്കിനിന്നു. പെട്ടന്ന് അച്ഛൻ

വന്നു. വന്ന ഉടൻ മാളു അച്ഛനോട് ചോദിച്ചു.

അച്ഛാ എന്നെ മഞ്ചാടിക്കാട്ടുവരെ കൊണ്ട് പോയി

മയിലിനെ കണിച്ച് തരോ ?. നിനക്ക് ഇപ്പോ തന്നെ

കണ്ടാലെ പറ്റൂ. ഇപ്പം പോണ്ടാ പിന്നെ പോകാം

ഇപ്പത്തന്നെ മൂന്ന് മണിയായി ഇനി എപ്പോൾ

പോകാനാണ്. മാളു അച്ഛൻ ഇപ്പോക്കുളിച്ചിട്ടുവരാം.

അച്ഛാ മഞ്ചാടിക്കാട്ടിൽ പോവാനാണോ?അതെ

പിന്നെ പോണ്ടെ? അമ്മേ നമ്മൾ ഇപ്പോൾ

മഞ്ചാടിക്കാട്ടിൽ പോവോലോ....

അമ്മവരുന്നുണ്ടോ? ഞാനെങ്ങും വരുന്നില്ല. അതേ

പോയിട്ട് വരാം. വേഗം വരണം ഇരുട്ടുന്നതിന് മമ്പേ

എത്തണം. അവർ രണ്ട് പേരും മഞ്ചാടികാട്ടിൽ

എത്തി. മാളു അവിടെ എല്ലാം തിരക്കിനടന്നിട്ടും

മയിലിനെ കാണാൻ കഴിഞ്ഞില്ല മാളുവും അച്ഛനും

അവിടെ എല്ലായിടത്തും നോക്കിയിട്ട് മയിലിനെ

കാണാൻ കഴിഞ്ഞില്ല. അവസാനം അവർ

പുഴക്കരയിൽ എത്തി അവർ അതിശയിച്ച് പോയി

എത്ര മയിൽ. പീലി വിടർത്തി ആടുന്നു. മാളൂ നീ

കണ്ടോ ഈ മയിലുകൾ പീലി വടർത്തിയത് നിനക്ക്

വേണ്ടിയാണ് 'മോളെ.. മോളെ എഴുന്നേൽക്ക് ഇന്ന്

സ്കൂളിൽ പോകണ്ടേ?’ മാളു തന്റെ സ്വപ്നത്തിൽ

നിന്ന് ഉണർന്നു.



ഗോപിക. പി. എൻ
9E

# വരാം,വരാതിരിക്കാം എന്നാലും കാത്തിരിപ്പ് തുടരുന്നു

**അ**വൾകരയുകയാണ്.

തലകുമ്പിട്ടിരിക്കുന്നു.ഇടയ്ക്കിടക്ക് ചില തേങ്ങലുകൾ

കേൾക്കാം.അവളുടെയുള്ളിൽ അടക്കിപ്പിടിച്ചിരി--

ക്കുന്ന അല്ലെങ്കിൽ തളംകെട്ടി നിന്നിരുന്ന

ഓർമ്മകൾ ആയിരിക്കാം ഈ തേങ്ങലുകൾക്ക്

കാരണം.അതെ, അവൾ ആ ഓർമ്മകൾ

മറക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ

അവൾക്ക-തിനാകുന്നില്ല. ഇത്തരം ഓമ്മകൾ മറക്കാനാകാത്ത അല്ലെങ്കിൽ മറക്കാൻ വേണ്ടി ഓർമ്മിക്കുന്ന ഓർമ്മകളായി അവളെ കാർന്നു തിന്നുകൊണ്ടേയിരുന്നു.തന്റെ കുട്ടിക്കാലം എന്ത് മിഴിവേകിയതായിരുന്നു..

അവൾ ഓർത്തെടുക്കുകയാണ്................

സൗഭാഗ്യ എന്നായിരുന്നു അവളുടെ പേര്. പേരുപോലെ തന്നെ ഭാഗ്യവും അവളോടൊപ്പം ഉണ്ടായിരുന്നു. വാമനപുരം എന്ന ഗ്രാമത്തിലെ ഒരു കുഞ്ഞു പൊൻ സൂര്യനായിരുന്നു അവൾ. വയലേലകളിൽ ഓടിക്കളിച്ചും,പൂക്കളോടും, പൂമ്പാറ്റകളോടും കിന്നാരം ചൊല്ലിയും അവൾ വളർന്നു.വിവാഹ പ്രായമായിട്ടും അവളിൽ

അങ്ങനെ ഒരു ചിന്ത ഉണ്ടായിരുന്നതേയില്ല. ഒരു കുട്ടിക്കുറുമ്പിയായി അവൾ ജീവിച്ചു.എന്നാൽ കുറച്ചു നാളുകൾക്ക് ശേഷം വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി അയൽ നാട്ടിലെ മോഹനൻ എന്ന യുവാവിനെ അവൾക്ക് വിവാഹം കഴിക്കേണ്ടി വന്നു.എന്നാൽ താൻ ജനിച്ചു വളർന്ന തന്റെ നാടിനെയും നാട്ടാരെയും ഉപേക്ഷിക്കാൻ അവൾക്ക് കഴിയുമായിരുന്നില്ല. അപ്രതീക്ഷിതമായ ഈ വിവാഹം അവളെ മാനസികമായിതളർത്തിക്കളഞ്ഞു. മോഹനന്റെ വീടിന്റെ പരിസരം കാട്ടുപിടിച്ച് കിടക്കുകയായിരുന്നു. അയാൾക്ക് തറവാട്ടുവക കിട്ടിയ സ്വത്തായിരുന്നു ആ വീട്. സൗഭാഗ്യ ആ ഗ്രാമത്തിൽ കാലുകുത്തിയതോടെ അവിടെയും

ഭാഗ്യം വന്നു.ആ കാടെല്ലാം വെട്ടിത്തെളിച്ച് പൂച്ചെടി നട്ടു. ആ ഗ്രാമത്തോട് അവൾ മാനസികമായി പൊരുത്തപ്പെട്ടു.ഇപ്പോൾ അവൾ മോഹനനുമായി സന്തോഷത്തോടെ ജീവിക്കുകയായിരുന്നു. എന്നാലും അവർക്കിടയിലുണ്ടായ ഒരു പ്രശ്നം, കുഞ്ഞുങ്ങളില്ല എന്നതായിരുന്നു.എന്നാൽ കാലങ്ങളോളം കാത്തിരുന്ന് അവർക്കൊരു കുഞ്ഞോമന പിറന്നു.വൈശാഖ് എന്നായിരുന്നു ആ കുഞ്ഞിന്റെ പേര്.തങ്ങളുടെ ജീവിതത്തിൽ ലഭിച്ച ഐശ്വര്യമാണ് ഈ മകനെന്ന് അവർ മനസ്സിലാക്കി തങ്ങളുടെ ജീവിതസ്വത്തായി വൈശാഖിനെ അവർ വളർത്തി. വൈശാഖിന്

അമ്മയേക്കാൾ കൂടുതൽ ഇഷ്ടം

അച്ഛനെയായിരുന്നു. കാരണം അച്ഛൻ അവന്

ഓല കൊണ്ട് കളിപ്പാട്ടം ഉണ്ടാക്കി

കൊടുക്കുമായിരുന്നു. കൂടെ കളിക്കുകയും

ചെയ്യുമായിരുന്നു.ഇങ്ങനെ അവരുടെ ജീവിതം

താളാത്മകമായിരുന്നു. തന്റെ മകന്റെ

കളിചിരികൾ കാണുമ്പോൾ സൗഭാഗ്യ തന്റെ

കുട്ടിക്കാലം ഓർത്തെടുക്കുമായിരുന്നു.അവളും

അപ്പോൾ ഒരു കുഞ്ഞായി മാറുകയായിരുന്നു.

ഈ സന്തോഷങ്ങൾക്കിടയിലാണ് അത്

സംഭവിച്ചത്. അന്നൊരു തോരാമഴയായിരുന്നു.

സൗഭാഗ്യ തന്റെ മകനേയും മടിയിലിരുത്തി തന്റെ

ഭർത്താവിനെയും കാത്തിരിക്കുകയാ-യിരുന്നു.എത്ര

ഇരുട്ടിയിട്ടും അവൻ മടങ്ങി വന്നില്ല. സൗഭാഗ്യയുടെ നെഞ്ചിൽ ഒരു കിതപ്പ് മുട്ടിത്തിരിഞ്ഞു.അധികം വൈകാതെ അവൾ ഒരു വാർത്തയറിഞ്ഞു.മഴയെ തുടർന്നുണ്ടായ മഴവെള്ളപാച്ചിലിനിടയിൽ പെട്ട് മോഹനൻ മരിച്ചു.സൗഭാഗ്യയ്ക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. തന്റെ ഭർത്താവ് തന്നെ വിട്ടു പോകില്ല എന്ന് അവൾ ഉറച്ചുവിശ്വസിച്ചു. എന്നാൽ വിധിയെ തടുക്കാനായില്ല. മോഹനൻ ഈ ലോകത്തോട് വിട പറഞ്ഞു.ഈ സംഭവം വൈശാഖിനെയും സൗഭാഗ്യയേയും ഏറെ തളർത്തിക്കളഞ്ഞു. അമ്മയേക്കാൾ ഏറെ വൈശാഖിന്റെ മുഖം കൂടുതൽ തളർത്തപ്പെട്ടതായി കാണപ്പെട്ടു.ഇപ്പോൾ സൗഭാഗ്യയ്ക്ക് മുന്നിലുള്ള ഏക ലക്ഷ്യം തന്റെ മകന്

എങ്ങനെയെങ്കിലും നല്ല വിദ്യാഭ്യാസം നൽകണം എന്നതായിരുന്നു. വളരെയേറെ കഷ്ടപ്പെട്ട് അവൾ അവനെ വളർത്തി.വൈശാഖ് പഠിക്കാൻ മിടുക്കനായിരുന്നു. പാഠ്യ-പാഠ്യേത്തര വിഷയങ്ങളിൽ അവൻ വലിയ മികവ് പുലർത്തിയിരുന്നു. അത് അമ്മയുടെ മനസ്സിനെ സന്തോഷിപ്പിക്കുമെന്ന് വൈശാഖ് തിരിച്ചറിഞ്ഞു. നാളുകൾ കഴിഞ്ഞു. അവൻ പത്താം ക്ലാസ്സിലായി. അവൻ നന്നായി പഠിച്ചു. എന്നാൽ വാർഷികപ്പരീക്ഷ എത്താറായപ്പോൾ അവൻ തന്റെഗ്രാമത്തിലുള്ള ചീത്ത കൂട്ടുകെട്ടുമായി ചേർക്കപ്പെട്ടു.അവന്റെ സ്വഭാവം മാറിപ്പോയി. പഠനത്തിലുള്ള ഏകാഗ്രത നഷ്ടപ്പെട്ടു.എന്നാൽ

സൗഭാഗ്യ അത് മനസ്സിലാക്കാൻ വൈകിപ്പോയി. അവൾ മകനെ നന്നായി ഉപദേശിച്ചു. അവൻ ചെയ്തതിൽ കുറ്റബോധം തോന്നി. എന്നാലും അവന് നന്നായി പഠിക്കാൻ കഴിഞ്ഞില്ല. വാർഷികപ്പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും അവന് മാർക്ക് കുറവായിരുന്നു. ഇത് സൗഭാഗ്യയുടെഹൃദയം നടുക്കിക്കളഞ്ഞു. താൻ ഇത്രയും കാലം ആഗ്രഹിച്ചിരുന്ന തന്റെ ലക്ഷ്യങ്ങൾ എല്ലാം ഇല്ലാതായതായി അവൾക്ക് തോന്നി. അവൾ അവനെ ഒരുപാട് ശാസിച്ചു. തന്നെ ഒരുപാട് വേദനിപ്പിച്ചുവെന്നും, നീ എന്റെ ലക്ഷ്യങ്ങളെല്ലാം തകർത്തുവെന്ന് സൗഭാഗ്യ അവനോട് പറഞ്ഞു. അന്ന് രാത്രി അവൻ

ഉറങ്ങിയിരുന്നില്ല. ഇത് തന്റെ ജീവിതത്തിലെ
ഏറ്റവും മോശപ്പെട്ട ദിവസമായി അവൻ
കണക്കാക്കി.താൻ ഒറ്റ നിമിഷം കൊണ്ട്
തന്റെ അമ്മയുടെ എല്ലാ ആഗ്രഹങ്ങളും
തകർത്തുവെന്നും ഇത് അക്ഷന്തവ്യമായ
ഒരു അപരാധമാണെന്നും അവൻ മനസ്സി-
ലാക്കി. പിറ്റേന്ന് കാലത്ത് ഏറെ വൈകിയിട്ടും
മകൻ ഉണരാത്തതിനാൽ സൗഭാഗ്യ അവന്റെ
മുറിയിൽ ചെന്നു. എന്നാൽ അവിടെ അവൻ
ഇല്ലായിരുന്നു. അമ്മയുടെ മനസ്സാകെ തളർ-
ന്നു പോയി. മുറി മുഴുവനും അന്വേഷിച്ച
സൗഭാഗ്യയ്ക്ക് തന്റെ മകനെ കണ്ടെത്താൻ
കഴിഞ്ഞില്ല. എന്നാൽ ഒരു കത്ത് അമ്മയ്ക്ക്

കിട്ടി.ആ പേപ്പർ കഷ്ണവും കൈയ്യിലേന്തി

കരയാൻ തുടങ്ങി.അതിപ്രകാരമായിരുന്നു.

പ്രിയപ്പെട്ട അമ്മേ,

ഞാൻ അമ്മയോട് ചെയ്തത്

പൊറുക്കാനാകാത്ത തെറ്റതന്നെയാണ്.

അമ്മ എനിക്ക് മാപ്പ് തരണം. ഇപ്പോൾ

എന്റെ മുന്നിലുള്ള ഏക ലക്ഷ്യം ഒരു ജോലി

വാങ്ങണം എന്നതാണ്. അത് ഞാൻ നേടുകതന്നെ

ചെയ്യും. അമ്മ എനിക്കു വേണ്ടി പ്രാർത്ഥിക്കണം.

എങ്ങനെയെങ്കിലും പഠിച്ച് ഒരു ജോലി വാങ്ങണം

എന്നത് മാത്രമാണ് എന്റെ ചിന്ത. അത് നേടിയ

ശേഷം മാത്രമേ അമ്മയുടെ മുന്നിൽ

എത്തുകയുള്ളൂ..

ധ്വനി

എന്ന്

അമ്മയുടെ പ്രിയപ്പെട്ട

വൈശാഖ്.

സൗഭാഗ്യയ്ക്ക് തല ചുറ്റുന്നതായി തോന്നി. ഭൂമി പിളർന്ന് താൻ അതിനടിയിലേക്ക് പോയിരുന്നെങ്കിൽ എന്നു പോലും അവൾ ആഗ്രഹിച്ചു.താൻ കാരണമാണ് തന്റെ മകൻ തന്നെ ഉപേക്ഷിച്ചതെന്ന് സൗഭാഗ്യ വിശ്വസിച്ചു. തന്റെ പേരിന്റെ അർത്ഥം ഒരിക്കലും തനിക്ക് സഫലമാകില്ലെന്ന് അവൾ ചിന്തിച്ചു. തന്റെ മകന്റെ ഓർമ്മകൾ സൗഭാഗ്യയെ എപ്പോഴും തൊട്ടു-ണർത്തിക്കൊണ്ടിരുന്നു. നാളുകളേറെ കഴിഞ്ഞു. തന്റെ മകൻ ഇന്നല്ലെങ്കിൽ

നാളെയടുത്ത് എത്തുമെന്ന് സൗഭാഗ്യ വിശ്യസിച്ചു. ചില സമയങ്ങളിൽ " അമ്മേ, അമ്മേ "എന്നുള്ള വിളികൾ അവളുടെ കാതിൽ മുഴങ്ങിക്കേട്ടു. തന്റെ മകന്റെ ഓ-ർമ്മകൾ അവളെ നുള്ളി വേദനിപ്പിച്ചു - കൊണ്ടേയിരുന്നു.പഴയ ഓർമകളെല്ലാം അവൾ ഓർത്തെടുത്ത്, കരച്ചിൽ അവസാനിപ്പിച്ച് അവൾ എല്ലാം മറക്കാൻ തീരുമാനിച്ചു. എന്നാലും ആ ഓ ർമ്മകൾ അവളെ തേടി തന്നെവന്നു. മറക്കാൻ വേണ്ടി ഓർമിക്കുക-യാണന്ന് അവൾക്ക് തോന്നി. ഇപ്പോൾ അവളുടെ വിശ്വാസം ഇത് തന്നെയാണ് "അവൻ വരാം, വരാതിരിക്കാം എന്നാലുംഎന്റെ കാത്തിരിപ്പ് ഞാൻ തുടരുന്നു" എന്നാണ്. അതെ ഇത് തന്നെയാണ് അവൾ ആഗ്രഹിക്കുന്നത്

"വരാം, വരാതിരിക്കാം ഇനിയും കാത്തിരിപ്പ്

തുടരുന്നു...........



ആസിയാ ജാസ്മിൻ

10A

ധ്വനി

# മറയാത്തൊരോർമ്മ



പ്രഭാതം ഉണരുന്നതെയുള്ളു, അതിനു മുൻപേ

അമ്മയുടെ വിളിയെത്തി; "മോളേ,എണീക്കുന്നില്ലേ?

വേഗം എഴുന്നേറ്റ് എന്തെങ്കിലും പഠിക്കാൻ നോക്ക്.”ശരിയാണ് പഠിച്ചേ പറ്റൂ. സ്കൂളിൽ ഇന്ന് കണക്കുപരീക്ഷയാണ്. നല്ല മാർക്ക വാങ്ങിയാലേ പറ്റൂ.പത്താം ക്ലാസല്ലേ.ചെറിയ മടിയോടു കൂടി അവളെഴുന്നേറ്റു.അപ്പോഴേക്കും അമ്മയുടെ അടുത്ത ചോദ്യം.“മോളെ, കാപ്പിയിട്ടു തരട്ടെ?” "വേണ്ടമ്മേ "എന്നും പറഞ്ഞവൾ പഠിക്കാനിരുന്നു.

പിന്നെ ഒരുപാട് നേരം അവൾ അക്കങ്ങളുടെ ലോകത്തായിരുന്നു. അപ്പോഴേക്കും അമ്മ ഒരുങ്ങിയിറങ്ങി. അമ്മയ്ക്കിന്ന് ആശുപത്രിയിൽ പോകണം. അച്ഛനും കൂടെയുണ്ട്.അച്ഛൻ അവളോട് ഏറെ മിണ്ടാറൊന്നുമില്ല.വലിയ

ഗൗരവക്കാരനാണ്. അമ്മയ്ക്ക് കുറച്ചു നാളുകൾക്കു

മുൻപ് അസുഖം മൂർച്ഛി-ച്ചപ്പോൾ അച്ഛൻ നാട്ടിലേക്ക്

വന്നു. അമ്മയ്ക്കെന്നും അസുഖമാണ്. പക്ഷെ

വേണ്ടതെല്ലാം അമ്മ ചെയ്യും. പാവം ഒരമ്മ.

എത്രയും സ്നേഹമുള്ളൊരമ്മ. അമ്മയ്ക്ക്

അസുഖം ഏറുമ്പോൾ അവളുടെ ഉള്ളിൽ നിറയെ

പ്രാർത്ഥനയാണ്പ്പെട്ടെന്നുതന്നെ അവളെഴുന്നേറ്റ്

സ്കൂളിൽ പോകുവാനായി

തയ്യാറായി. വീടൊഴിഞ്ഞു. പരീക്ഷ വളരെ

നിസ്സാരമായിരുന്നു.അവൾക്കേറെ സന്തോഷമായി.

അവൾ വീട്ടിലേക്കു യാത്രയായി.വീട്ടിലേക്കുള്ള

ഇടവഴിയാകെ ആളുകൾ .അവർ അവളെ നോക്കി

എന്തെല്ലാമോ പറയുന്നു. അവളാകെ ഭയപ്പെട്ടു.

ഹൃദയമിടിപ്പ് ഒച്ചത്തിലായി. ശരീരമാകെ വിറയ്ക്കുന്നു.

അവൾ വീട്ടിലേക്കോടി.വീട്ടിൽ നിന്നും നിലവിളി

കൂട്ടതൽ ഒച്ചയാർജ്ജിച്ചു. പതിയെ അവൾ

വീടിനുള്ളിലേക്ക് കയറി. അതാ തറയിൽ വിരിച്ച

പായയിൽകിടക്കുന്ന തന്റെ അമ്മ.ഒരു നിമിഷം

തന്റെ ശ്വാസം നിലച്ചത് പോലെ അവൾക്ക്

തോന്നി.മരണമെന്ന വാതിലിൽ മറുപുറം താണ്ടി

മറ്റൊരു ലോകം വെടിഞ്ഞു, തന്റെ അമ്മ!

അവൾ ഉച്ചത്തിൽ പറഞ്ഞു 'ദൈവമേ

ഇത്രയ്ക്കു ക്രൂരത എന്നോട് കാട്ടേണ്ടിയിരു-ന്നില്ല

നീ.'പൊട്ടിക്കരഞ്ഞു നിലവിളിച്ചവൾ.എന്തു

ചെയ്യണമെന്നറിയാതെ വീണു പോയവൾ.

ധ്വനി

ബന്ധുക്കൾ ആരൊക്കെയോ ആശ്വസിപ്പിച്ചു. ഏറെ നേരങ്ങൾക്കു ശേഷം അമ്മയുടെ ദേഹം ചിതയിലമർന്നു. എല്ലാം വളരെ പെട്ടെന്നു കഴിഞ്ഞു. അച്ഛനെ മാത്രം അവൾ കണ്ടില്ല. കണ്ടതോ അച്ഛൻ മുറിയിൽ ഇരുന്ന് പൊട്ടിക്കരയുന്നത്. ഇത്രയ്ക്ക് പാവമായിരുന്നോ തന്റെ അച്ഛൻ എന്നവൾ അതിശയിച്ചു.

നാളുകളേറെ കഴിഞ്ഞു, അമ്മയുടെ ചടങ്ങെല്ലാം കഴിഞ്ഞു. കൂട്ടുകാർ ചിലർ വീട്ടിൽ വന്നു പോയി. ബന്ധുക്കൾ എല്ലാം പിരിഞ്ഞു പോയി. അമ്മയുടെ ഓർമ്മകളിൽ അവളുടെ ഉറക്കം നിലച്ചു. ചിരി നിലച്ചു. ആകെ ഒരു മൂകത മാത്രം.

അമ്മയില്ലാത്തവളായിരുന്നു ആ അമ്മ. ഇപ്പോൾ

അവളും അതുപോലെയായി. അമ്മയുടെ

അനുഭവങ്ങൾ കേട്ട് അവൾ ഒരുപാട്

കരഞ്ഞിട്ടുണ്ട്. ഇനി തനിക്കും ആ അനുഭവങ്ങൾ

ഉണ്ടാകുമോ എന്ന് ഓർത്തവൾ കരഞ്ഞു.

ദിവസങ്ങൾ കഴിഞ്ഞ-വൾ സ്കൂളിൽ പോയി തുടങ്ങി.

എല്ലാം മറന്നവൾ ചിരിക്കാൻ തുടങ്ങിയെങ്കിലും

ആരും അവളോടൊന്നും ചോദിച്ചില്ല.

അവൾക്കാകെ വിഷമമായി. നാളുകൾ കഴിയും

തോറും അവൾ കൂടുതൽ ഊർ-ജം ആർജ്ജിച്ചു.

പഴയതുപോലെ എല്ലാവരോടും കൂട്ടുകൂടാൻ തുടങ്ങി.

അവൾ അമ്മയെ മറക്കാൻ ശ്രമിച്ചു. മറക്കുവാൻ

ധ്വനി

ശ്രമിക്കുന്ന ഓരോ നേരത്തും അമ്മ തന്നിലേക്ക് ഒരു

ശക്തിയായി ഓർമ്മയായി വന്നിരുന്നു.

അമ്മയുടെ ആഗ്രഹം പോലെ താൻ പഠിച്ച്

നല്ലൊരു നിലയിലെത്തുമെന്ന ഉറച്ച

തീരുമാനത്തിൽ അവൾ ഗൗരവം വിട്ടെറിഞ്ഞ

തന്റെ അച്ഛനോടൊപ്പം ജീവിതം നയിച്ചു.



ധനുഷ് രാജ് 9E

# ജീവിതത്തിന്റെ സ്വാഭാവികത

**ഒരിക്കൽ** വീട്ടിലെത്തിയ ഗുരുവിനോട് ഗൃഹനാഥൻആവശ്യപ്പെട്ടു. എനിക്കും എന്റെ കുടുംബത്തിനും അഭിവൃദ്ധിയും സന്തോഷവും തരുന്ന ഒരു വാചകം എഴുതിത്തരണം. ഗുരു

കടലാസിൽ എഴുതി 'അച്ഛൻ മരിക്കുന്നു, മകൻ മരിക്കുന്നു, ചെറുമകൻ മരിക്കുന്നു'. ഗൃഹനാഥനു ദേഷ്യം വന്നു. സന്തോഷം പകരുന്ന വാക്കുകൾ ചോദിച്ചപ്പോൾ അങ്ങ് എന്തിനാണു മരണത്തെക്കുറിച്ച് എഴുതിയത് ? ഗുരു പറഞ്ഞു നിങ്ങളുടെ മകൻ നിങ്ങൾക്കു മുൻപേ മരിച്ചാൽ അതു ദുഃഖകരമായിരിക്കും നിങ്ങളുടെ ചെറുമകൻ നിങ്ങളുടെ മകനു മുൻപേ കടന്നു പോയാൽ അതും വലിയ ദുഃഖമാകും. ഞാൻ എഴുതിയതു പോലെയാണു സംഭവിക്കുന്നതെങ്കിൽ അതൊരു സ്വാഭാവിക നിയമവും കുടുംബത്തെ മുന്നോട്ടു നയിക്കുന്നതും ആയിരിക്കും. ജീവിതത്തിൽ സ്വാഭാവികമായും സംഭവിക്കേണ്ട ചില

കാര്യങ്ങളുണ്ട്. സ്വീകാര്യമാണെങ്കിലും അല്ലെങ്കിലും അവയാണ് ആയുസ്സിന്റെ ഭംഗിയും ഗുണമേന്മയും തീരുമാനിക്കുന്നത്. എല്ലാത്തിനും ജീവിതത്തിൽ ഒഴിവാകാനായെന്നു വരില്ല. ചിലതിനോടു സമരം ചെയ്യണം മറ്റു ചിലതിനോടു സമരസപ്പെടണം മരണത്തെ ഒഴിവാക്കാൻ ശ്രമിക്കുന്ന ആർക്കും മര്യാദയ്ക്കു ജീവിക്കാൻ പോലുമാകില്ല. വിടവാങ്ങുന്ന സമയം അറിയില്ല എന്നതാണ് മനുഷ്യന്റെ സന്തോഷപൂർണമായ നിലനിൽപ്പിനു തന്നെ കാരണം. ക്രമമാണ് ആനന്ദം. ക്രമരാഹിത്യം അപകടവും. എപ്പോഴും ഇരുളും എപ്പോഴും പ്രകാശവുമാകരുത്. ഉത്തരങ്ങൾ

ധ്വനി

മാത്രമല്ല ഒരു ഉത്തരവും ഉദാഹരണവും ഇല്ലാത്ത

ചോദ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കണം.

പ്രിയങ്കരമായവ മാത്രം നടന്നാൽ എല്ലാം ക്രമ

വിരുദ്ധമാകും. ആകസ്മികതയെക്കൂടി

ഉൾക്കൊള്ളാൻ പഠിക്കുമ്പോഴാണ്

ജീവിതത്തിനു നിയമവും നിയന്ത്രണവും ഉണ്ടാകുക.

ആഗ്രഹിച്ചതുപോലെ തന്നെ കാര്യങ്ങൾ

നടക്കുന്നത് ആ സൂത്രണമികവ്

അപ്രതീക്ഷിതമായതിനെയും അംഗീകരിക്കുന്നത്

അതിജീവന മികവ് ............



ജെസ്ന ഫാത്തിമ 9D

# അമ്മയെന്ന നന്മ

മറക്കാനായി നാം ധാരാളം കാര്യങ്ങൾ ഓർമിക്കുന്നു. അതു കൂടുതലായും ഈ കാലങ്ങളിലാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് അമ്മയെന്ന നന്മയെ നാം ഓരോരുത്തരും മറക്കുന്നത്. പെറ്റമ്മയും പിറന്ന മണ്ണും സ്വർഗത്തേക്കാൾ മഹത്തരമാണ്. ഒൻപത് മാസം വയറിലേറ്റി വേദനസഹിച്ച് ഓരോ അമ്മമാരും കുഞ്ഞുങ്ങളെ പ്രസവിക്കുന്നു. വളർത്തി വലുതാക്കുകയും ചെയ്യുന്നു. പക്ഷേ ഈ കുട്ടികൾ തിരിച്ച് കാണിക്കുന്നത് അമ്മമനസിനെ വേദനിപ്പിക്കുന്ന ഒരുപാട് കാര്യങ്ങളാണ്.

വയസ്സാകുമ്പോൾ നോക്കാൻ വയ്യാതെ ആ അമ്മമാരെ ധാരാളം ആൾക്കാർ വൃദ്ധസദനങ്ങളിലും മറ്റുമൊക്കെ കൊണ്ടാക്കുന്നു. അമ്മമാരാണ് നമുക്ക് ഓരോ ചുവടും പഠിപ്പിച്ചുതരുന്നത്. അതുകൊണ്ടു തന്നെ പണ്ടുള്ള മനുഷ്യർ ഇങ്ങനെ പറഞ്ഞിരിക്കുന്നു. മാതാ പിതാ ഗുരു ദൈവം എന്നാണ് ആദ്യം ജന്മം തന്ന് പോറ്റി വളർത്തുന്ന അമ്മ പഠിപ്പിച്ചിട്ടുള്ളത്. പിന്നീട് അമ്മയെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന പിതാവ്. പിന്നീട് ഗുരു അതു കഴിഞ്ഞാൽ ദൈവം എന്നിങ്ങനെയാണ്. അതുപോലെ തന്നെ നാം ആരെക്കാളും പ്രാധാന്യം കൊടുക്കേണ്ടത് നമ്മുടെ

അമ്മയ്ക്കാണ്. ജനിച്ച ഒരു കുഞ്ഞിന്റെ വായിൽ നിന്ന് ആദ്യം വരുന്നത് അമ്മ എന്ന രണ്ടക്ഷര-ങ്ങളാണ്. നാം പറയുന്ന എന്തും നമ്മുടെ അമ്മമാർ നമുക്ക് വാങ്ങിത്തരുന്നു. അമ്മയെക്കുറിച്ച് ധാരാളം കവികൾ കഥകളും കവിതകളും രചിച്ചിട്ടുണ്ട്. ഒരാൾ അമ്മയെ മറന്നിട്ടുണ്ടെങ്കിൽ അത് മരിക്കുന്നതിന് തുല്യമാണ്. അമ്മയ്ക്ക് നാം ഏതിനെക്കാളും പ്രാധാന്യം കൊടുക്കേണ്ടിവരുന്നു. അമ്മയാണ് നമുക്ക് ഓരോ കാര്യങ്ങളും പകർന്നു നൽകുന്നത്. വിജയലക്ഷ്മിയുടെ ' പുതുവർഷം' എന്ന കവിതയിൽ അമ്മയെക്കുറിച്ച് ധാരാളം പറയുന്നു. എന്നെ സംബന്ധിച്ചിടത്തോ-ളം അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാതിരുന്ന ബാല്യകാലമായിരുന്നു

എന്റേത്. കാരണം അമ്മമനസ്സ് വേദനിപ്പിക്കുന്നത്

എന്റെ മനസിനെയും വേദനിപ്പിക്കുന്നു.

മാതൃജീവനാണ് എല്ലാത്തിനേക്കാളും എനിക്ക്

വലുത്. ചില കുട്ടികൾ അമ്മയേക്കാൾ വലുത്

ചിലപ്പോൾ അമ്മമ്മയെയായിരുന്നു. പി.

സുരേന്ദ്രന്റെ അമ്മമ്മ എന്ന പാഠഭാഗം ഇതുമായി

ധാരാളം യോജിക്കുന്നു. ചില ഭർത്താക്കൻമാർ

ഭാര്യയെ മദ്യപിച്ചുകൊ-ണ്ട് പലതും ചെയ്യുന്നു.

അതുപോലെ ഒരു കഥയുമാണ് അമ്മമ്മ എന്നതും.

അമ്മേവിളക്ക് ഊതിക്കെടുത്തി. പരക്കമുറ്റാത്ത മൂന്ന്

പേരക്കുട്ടികളെയും ഇരുട്ടിലേക്ക് തള്ളി അവൾ

എങ്ങോട്ടോ ഓടിപ്പോയി. അമ്മ മരിക്കുക എന്നത്

മനസ്സിന്റെ മനസിൽ ഒരിക്കലും മായ്ക്കാൻ

കഴിയാത്ത ഒന്നാണ്. ചില കുട്ടികൾക്കാണെങ്കിൽ അമ്മയെ പിരിഞ്ഞ് ഒരു ദിവസം പോലും നിൽക്കാൻ കഴിയില്ല. എന്നാൽ അവർ വലുതായാൽ ചെയ്യുന്നത് വളരെ മോശമാണ്. അതിനാൽ അമ്മയെന്ന നന്മയെ നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല.

സാന്ദ്ര. എസ്സ് എസ്സ്
9E



# ബുദ്ധികൊണ്ട് സിംഹത്തെ

# തോൽപ്പിച്ച മുയൽ

**പ**ണ്ടു പണ്ട് ഒരു കാട്ടിൽ ഒരു സിംഹമുണ്ടായിരുന്നു. ക്രൂരനായ ഒരു സിംഹം. അവൻ എന്നും ഓടിനടന്ന് കണ്ണിൽക്കണ്ട ജന്തുക്കളെയെല്ലാം കൊന്നുതിന്നിരുന്നു. ഒരുനാൾ കാട്ടിലെ ജന്തുക്കൾ ഒന്നിച്ച് സിംഹരാജാവിന്റെ മുന്നിലെത്തി.അവർ കരഞ്ഞു .പിന്നെ അവർ പറഞ്ഞു, "അങ്ങല്ലേ ഞങ്ങളുടെ രാജാവ്. അങ്ങ് പ്രജകളെ പരിപാലിക്കേണ്ടേ? രാജാവ് പ്രജകളെ രക്ഷിക്കണം. നശിപ്പിക്കരുത്. സിംഹരാജാവിനും അതറിയാമായിരുന്നു". ഇങ്ങനെയെന്നും അനേകം മൃഗങ്ങളെ അങ്ങ് കൊല്ലരുത്. ഓരോ ദിവസവും

ഞങ്ങൾ ഓരോരുത്തർ അങ്ങയുടെ മുന്നിൽ വരാം.

അങ്ങനെ വരുന്ന മൃഗത്തെ കൊന്നുതിന്നോളൂ.

മൃഗങ്ങളുടെ ആ അപേക്ഷ രാജാവ്

അംഗീകരിച്ചു.ഓരോ നാൾ ഓരോ മൃഗം

രാജാവിന്റെ ഭക്ഷണമായി. കാലം കുറെ കഴിഞ്ഞു.

ബുദ്ധിമാനായ ഒരു മുയലിന്റെ ഊഴമെത്തി. അവൻ

മനപ്പൂർവ്വം താമസിച്ച് സിംഹരാജാവിന്റെ

അടുത്തെത്തി.

" ഞാൻ വിശന്നുചത്തു. നീ എന്തുകൊണ്ട്

താമസിച്ചു?" സിംഹം ദേഷ്യം കൊണ്ട് അലറി! ആ

വീഥിയിലെ വഴിയിലൊരു സിംഹം എന്നെ തടഞ്ഞു.

അവനാണ് രാജാവ് എന്നു പറഞ്ഞു. ഇനി മുതൽ

എല്ലാവരും അവന്റെ ഭക്ഷണമാകണമെന്നു

പറഞ്ഞു.അതുകേട്ടതും സിംഹരാജാവ് ദേഷ്യം കൊണ്ട് അലറി. ആ കള്ളരാജാവിനെ കൊന്നിട്ടുതന്നെകാര്യം. സിംഹം മുയൽ പറഞ്ഞവഴിയേ ചെന്നു. ഒരു വിളിച്ചു വലിയ കിണറിനരികിലെത്തി.

"രാജാവേ ഈ കോട്ടയ്ക്കുള്ളിലാണ് ആ കള്ള സിംഹം. "മുയൽ പറഞ്ഞു. വിഡ്ഢിയായ സിംഹം കിണറിലേക്ക് നോക്കി. ഉള്ളിൽ അതാ ഒരു സിംഹം. അത് തന്റെ പ്രതിബിംബമാണ് എന്ന് സിംഹത്തിന് മനസിലായില്ല.സിംഹം കിണറിലേക്ക് നോക്കി ദേഷ്യപ്പെട്ട് ഒന്നലറി. ഉടൻ കിണറിൽ നിന്നും വന്നു മനസ്സിലാകാതെ സിംഹം

കിണറ്റിലേക്ക ചാടി. വെള്ളത്തിൽ വീണ ചത്തു.

ബുദ്ധി ഉപയോഗിച്ചാൽ ആരെയും തോൽപ്പിക്കാം !



പ്രിയ.ബി
9E

## ട്രഷർ ഹൈലന്റ്

**ന**മുക്കകണ്ടുപിടിക്കണം എന്ന്

കൊള്ളക്കാർ പറഞ്ഞു.അവർ അവിടെ കുഴിക്കാൻ

തുടങ്ങി.പക്ഷേ അവിടെ നിധി പെട്ടി

കിട്ടിയില്ല.പക്ഷേ കപ്പൽ കൊള്ളക്കാർ യാതൊരു മടിയുമില്ലാതെ കൊള്ളയും കൊലയും നടത്തി രസിക്കുന്നവരാണ്. “നിധി എവിടെ "ഒരു കൊള്ളക്കാരൻ അലറി . “എല്ലാം പോയി ,” കൊള്ളക്കാരൻ നിലവിളിച്ചു.നിരാശകൊണ്ട് അവർ ഭ്രമിച്ചു പോയി.ഭ്രാന്തന്മാരെ പോലെ അവർ മരത്തിന്റെ ചുവട്ടിൽ കുഴിക്കാൻ തുടങ്ങി.

നോക്കിയപ്പോൾ അവിടെ നിറയെ സ്വർ--ണ്ണനാണയങ്ങളും വജ്രങ്ങളും എല്ലാം കണ്ട് സിൽവർ മുന്നോറോ നാന്നൂറോ പഴയ സ്വർണ്ണനാണയം എടുത്തു രക്ഷപ്പെട്ടു.പക്ഷേ അവർ സിൽവറിനെ നോക്കിയിട്ട് കണ്ടില്ല. അവർ മനസ്സിലാക്കി സിൽവർ പണവും കൊണ്ട് മുങ്ങി

എന്ന് ബാക്കിയാളുകൾ പറഞ്ഞു. ഞങ്ങൾക്ക് ഇപ്പോൾ വിജയമാണ് കിട്ടിയത് എന്ന് മനസ്സിലാക്കി.

അനന്യ.ആർ.നാരായൻ



9E

# കവിതകൾ



# അക്ഷരം

അജ്ഞാത മാറ്റുന്ന വിദ്യാലയത്തിലെ
ആദ്യാക്ഷരം പഠിക്കുന്ന വിദ്യാർത്ഥിവൃന്ദമേ

പൂന്തേൻ നുകരുന്ന ലാഘവത്തോടെ
അക്ഷരജ്ഞാനം മികവുറ്റതാക്കാം. നാടിന്റെ
നന്മയും നേരിന്റെ നേർമ്മയും

പാരിലോതുന്ന മനുഷ്യന്മാരുടെ
ലോകാത്ഭുതങ്ങളെ നെഞ്ചോടടക്കി നാം
വിജ്ഞാന ദീപ്തി വാനിലുയർത്തീടാം.

അക്ഷരം ദീപ്തമാം ഓർമകൾ പൂക്കുന്ന

വിദ്യാലയത്തിൽ നന്മകൾ ഓതുന്ന

അധ്യാപകർക്കൊപ്പം വിദ്യാർത്ഥിക്കൂട്ടവും

നേരിന്റെ നന്മ പടുത്തുയർത്തിടാം.



നന്ദന.ജെ.എസ്സ്

9E

# അമ്മ

അമ്മ....

ഭൂമിയിലെ മാലാഖ....

ആദ്യമായി എന്നെ നിറ മനസ്സാലെ

ഇരു കൈകളും നീട്ടി സ്വീകരിച്ചത്....

ആദ്യമായി ഞാൻ കരയുന്നതു

കണ്ട് സന്തോഷിച്ചത്....

പിച്ചവെയ്ക്കുന്ന കാലങ്ങളിൽ വീഴ്ച്

പറ്റിയപ്പോൾ ഉയർത്തെഴുന്നേൽപ്പിച്ചത്....

ഓരോ വീഴ്ച്ചയും ഓരോ പാഠമാണെന്ന്

മനസ്സിലാക്കിതന്നത്....

പനി വന്നപ്പോഴും താലോലിക്കാൻ ആ

കൈകൾക്ക് ക്ഷീണമില്ലായിരുന്നു....

സൂചി കുത്തിയപ്പോൾ ഉറുമ്പ് കടിക്കുന്ന വേദനയേ

ഉള്ളൂ എന്ന് കള്ളം പറഞ്ഞത്....

വേദനയേറ്റപ്പോൾ മിഠായിപ്പൊതി

കാണിച്ച് കണ്ണീരകറ്റിയത്....

മുറിവുണങ്ങാൻ  മരുന്നിനൊപ്പം

സ്നേഹം വെച്ചുകെട്ടിയത്....

രാത്രികളിൽ കണ്ണടയ്ക്കാതെ

എന്നരികിൽ കൂട്ടിരുന്നത്....

വഴിതെറ്റുന്ന സമയങ്ങളിൽ പ്രകാശമായി

നേർവഴി കാട്ടി കൂടെ നിന്നത്....

ശ്വാസം നിലയ്ക്കുന്നതു വരെ പ്രതീക്ഷകൾക്ക്ജീവൻ

നൽകിയത്....

ആഗ്രഹങ്ങളിൽ കുഴിവെട്ടി അതിനുമുകളിൽ

സഹനത്തിന്റെ മരം നട്ടത്....

കരുണകൊണ്ട് ലോകം പോലും

കീഴടക്കാൻ പഠിപ്പിച്ചത്....

അമ്മ....

ഭൂമിയിലെ മാലാഖ....



ഫിദ.വി.എസ്

9D

# അമ്മ മധുരം

അമ്മിഞ്ഞപ്പാലിൻ മധുരം മറന്നു ഞാൻ
അമ്മയുടെ സ്നേഹവും മറന്നുപോയി
ഉണ്ണി പിറന്നെന്നറിഞ്ഞപ്പോഴമ്മയുടെ
നൊമ്പരമെല്ലാം പറന്നകന്നു
അതുവരെയുണ്ടായിരുന്ന വിഷമങ്ങൾ
ഒരു ചെറുകരച്ചിൽ വീണകന്നു
അന്നേരം അമ്മതൻ ചുണ്ടിൽ
വിരിഞ്ഞതും തേന്തുറും പുഞ്ചിരിയാണതല്ലോ
പള്ളിക്കൂടവാതിൽ വരെകൊണ്ടുവിട്ട-
മ്മയെന്നെ കാത്തുനിൽക്കും

ധ്വനി

കോളേജിൽ മുറ്റത്തു കാലടി വെച്ചശേഷം

പതിയെ മറന്നു ഞാനമ്മയെ

എന്നോടു പറയാതെ അമ്മ

ദൂരേക്കുമാഞ്ഞു പോയി

ഇന്നു ഞാൻ അമ്മയുടെ സ്നേഹ-

ത്തിനായ് കൊതിക്കുന്നു ഞാൻ.....



വൈഷ്ണമി.ബി

9B

# അമ്മ വൃക്ഷം

മംഗല്യ നാളുകൾ ഏറെ മറഞ്ഞിട്ടും
തേടിയമണഞ്ഞൊരാ ഭാഗ്യം, കുറഞ്ഞു-
പൈതലിൻ ആ വിളി കേൾക്കുന്ന നേരത്തു
നെഞ്ചിൽ നിറഞ്ഞൊരാനന്ദം.

താരാട്ടു പാട്ടുകൾ ഏറെയും പാടിയും
മന്ദമുറക്കുന്ന നേരം, അവൾ തൻ

ചുണ്ടിലെ പുഞ്ചിരി ആരെയും എപ്പോഴും

ഒന്നു മയക്കുമേതീർ ചായയും. മൂന്നു

മാസങ്ങൾ കഴിഞ്ഞൊരാ നേരത്തു

അവളുടെ അച്ഛനോ വിട്ടു പോയി.

ദൂരെ നാട്ടിലെ ജോലിത്തിരക്കിനിടയിലായി

പൈതൽ തൻ അച്ഛനും പോയി ദൂരെ.

വീട്ടിലോ അമ്മയും പൈതലും മാത്രമായി

അവളോ പിച്ചയോ വെച്ചിറങ്ങി,

വേനലും വർഷവും മാറി വന്നു,

കുഞ്ഞു പൈതലോ ഏറെ ഉയർന്നു വന്നു.

ഒരു വർഷക്കാലത്തിൻ പാതിതൊട്ടെ-
വീട്ടിലേതോ മനുഷ്യൻ വന്നു പോയി
ആരാണതന്നു ചോദിക്കുവാനായി
നാവു പൊന്തുന്ന പൈതലിൻ കേൾപ്പതില്ലേ

ഏതോ മനുഷ്യൻ വരുന്നൊരാ നേരത്ത്
ഏറെ ചിരിപ്പുണ്ട് മാതൃരൂപം,
തട്ടി മാറ്റുന്നമ്മ അവളുടെ പിഞ്ചിളം
കൈകളോ വേദനയാൽ പുളഞ്ഞു.

അമ്മയ്ക്ക് തന്നോടു സ്നേഹമില്ലേ എന്നു-
എപ്പോഴോ പിഞ്ചിളം നെഞ്ചു വിങ്ങി,

അച്ഛനോ നാട്ടിലായി വന്നതില്ല ആ-

നാളുകളവളേറെ തേങ്ങി നിന്നു.

എന്നോരൊ നാളുമോ അമ്മയോ തന്നുടെ

പെട്ടികളൊക്കെ നിറച്ചിരിന്നു,

അ മനുഷ്യൻ വന്നു ചോദിച്ചീ കുട്ടിയോ-

എന്തു ചെയ്യണം, കളയേണമോ?

അമ്മയോ താഴെ നിന്നൊന്നുയർത്തി

ഒരു നല്ല തലയണ, എന്തു ഭംഗി !

പൈതലിൻ അരികിലായി എത്തിയമ്മ

കുഞ്ഞുപിഞ്ചിളം മുഖത്തിലായൊന്ന മർത്തി

ശ്വാസം നിലച്ചു പോയി പൈതലിൻ കുഞ്ഞിളം

ജീവിതമെന്നു നിലച്ചു പോയി.

ഏതോ മനുഷ്യന്റെ വേണ്ടിയമ്മ വൃക്ഷം

തന്റെയിലയിനേം തിന്നു പോയോ !

അഗ്രീഷ

10E

# അനന്തത

തിരിഞ്ഞു നോട്ടം

അനന്തതകളിലേക്കാണ്....

അതൊരു പ്രചോദനമാണ്....

കണ്ടുമുട്ടിയതും സ്വന്തമാക്കിയതും

ശാശ്വതമല്ല എന്ന് കൂടെ കൂടെ

ഓർമ്മിപ്പിക്കുന്ന ദീർഘമായ

അനന്തത....

അതിജീവനത്തിന്റെ കഥ പറയുന്ന

അതിജീവനത്തിലേക്ക് വിരൽ

ചൂണ്ടുന്ന അനന്തത....

പക്ഷേ....

യഥാർത്ഥത്തിൽ ആ അനന്തതയ്ക്കും

ഒരു അവസാനമുണ്ട്....



ഫിദ.വി.എസ്സ്

9D



# ബാല്യം

ഓർക്കുന്നു ഞാൻ കണ്ണീരിൻ നനവോടെ
അറിയാതെ ജീവിച്ച എൻ ബാല്യകാലം
തേടുന്നു ഞാൻ ആൾക്കൂട്ടത്തിനിടയിലും

മറന്നുപോയ പ്രിയകളിത്തോഴരെ...

തെളിയുന്നു എൻ മനസ്സിൽ കുമ്പിളാൽ ച്വ-ണ്ടോട്

ചേർത്ത അമ്മതൻ സ്നേഹത്തിൻ വാത്സല്യം...

ഓരോ ദിനങ്ങളും ഓർക്കുന്നു ആ നിമിഷം

പൊഴിയുന്നു കണ്ണുനീർ മറക്കാത്ത ഓർമ്മകളാൽ...

മുല്ലപ്പൂ മണമുള്ള തൈമാവിൻ ചോട്ടിലായ്

കൺചിമ്മി അന്നു കളിച്ച ദിനങ്ങളും

ഓർത്തു ഞാൻ...

മഴവെള്ളപ്പാച്ചിലിൽ കയ്യാൽ മെനഞ്ഞെടുത്ത

കടലാസു തോണിയിറക്കി കൈകൊട്ടി

ഞാൻ ചിരിച്ച...

നിമിഷവും ഇന്ന് ഞാൻ ഓർത്തു പോകുന്നിതാ

ഇനിയൊരു ജന്മം എനിക്കായുണ്ടെങ്കിൽ

ജീവിച്ചു തീർക്കണം എൻ പോയൊരു

ബാല്യകാലം...



ഫിദ.വി.എസ്സ്

9D

# എന്റെ ബാല്യം

ഞാനോർക്കുന്നു ആദ്യമായി

എൻ നോവിൽ തീപാറും

സൗന്ദര്യ സന്ധ്യേ.....

നിൻ കാലാന്തരത്തിൽ

വീണ്ടുമൊരു ജന്മം

സായാന്തര കാലമേ

എൻ മനം തേന്തുറും

നോവിൽ മേഘസ്വരൂപാ

പൂണ്ട ശ്യാമ മേഘമേ.....

എൻ ബാല്യം

അവിശ്വാസങ്ങളിലൂടെ

ആദ്യാക്ഷരം പഠിപ്പിച്ച

എന്റെ കാലം

ഓർമ്മകൾ,പാറിപ്പറക്കുന്നു

ഇവിടെവിടെയായി.... ഓരോരോ

സങ്കൽപ്പങ്ങളിലൂന്നി...

മറഞ്ഞുപോയോ!....

ദുർഗ്ഗ. അനിൽ. പി

9E



# എന്റെ നാട്

ഹാ! എത്ര സുന്ദരം........എത്ര ശോഭിതം.........

അലകളൊഴുകുന്ന നാട് .........

ഹരിത ചാമരം ഹരിത ചന്ദനം തൊട്ടും

മലകളുള്ളൊരു നാട് .........

ഉമ്പയും തെച്ചിയും മുക്കുറ്റിയും

പെരും തമ്പുരാനെ തൊഴും നാട്......

കഥകളിയുള്ളൊരു എന്റെ നാട്....

പൂപാടിയൊഴുകുന്ന എന്റെ നാട്....

പുഴപാടിയൊഴുകുന്ന എന്റെ നാട്....

പൂവിളികളുയരുന്ന എന്റെ നാട്....

പാടും പുഴകളും തോടും മോടികൂടും

മലരണിക്കാടും.......

നീളെ കളകളം പാട്ടും കാട്ടു-

ചോലയുമാമണിമേട്ടും.......

വെള്ളിനൂൽ പട്ടുപോലെ ......

തുള്ളിക്കളിക്കും മഴയും .........

പളുങ്കുമണിചിന്നിചിതറികൊണ്ടുല്ലാസഭരിതയായ്

അണഞ്ഞുകൊണ്ടെത്തുമവൾ എൻ

നാട്ടിലേക്ക്.......

എന്റെ നാട്.......................................

ധ്വനി

## കവിത കൊയ്യുന്ന എന്റെ നാട്..................................



സാന്ദ്ര. എസ്സ്.എസ്സ്
9E

# സുന്ദരമാകട്ടെ ഏവരുടേയും ജീവിതം

നില നിൽക്കരുതീ ജീവിതത്തിൽ മലിനദ്വേശ

ദംഭന്യായവും വെറുപ്പും ചതിയും

സ്വചരണങ്ങളാലുള്ള നടപ്പിനാൽ

ഭംഗിയാക്കുഭവനത്തെ

ഗൃഹത്തിൽ ലക്ഷ്മി മന്ദഹസിക്കട്ടെ..

മനസ്സിനെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കു

വിജയ ജ്യോതി വന്ദിക്കു

അതുല്യധനമാം സ്നേഹത്താൽ ധന്യമാക്കു

ഈ ഭൂമിയെ സ്നേഹ ഗീതമായി അടിപ്പിക്കു..

ഇന്നലെ തൻ കർമ്മയോഗത്തെ മറക്കു...

ജീവിതമാം പുഷ്പ സൗരഭ്യത്തിൽ ആനന്ദിക്കൂ..

ഭംഗിയിൽ സ്പർശിച്ച് സുഖമായി ഊയലാട്ടൂ..

പുതുശോഭ വർഷിക്കു ജീവിതത്തിൽ.

അനന്തമാം ചെറു താരകങ്ങൾ

ദുർബലർ തൻ പ്രകാശ വ്യാപനത്തിൽ

ഇരുട്ടിനോട് തോൽക്കാതിരിക്കട്ടെ

ഈ പ്രയത്നത്താലേവരും സുന്ദരമാക്കട്ടെ

ജീവിതം




ജെസ്ന.ഫാത്തിമ
9D

# കടൽ

നീലക്കടലേ, നീലക്കടലേ
നീയെന്തിങ്ങനെയലയുന്നു
ഇന്നലെ നിന്നെ കണ്ടപ്പോൾ
നിന്നിൻ ശാന്തത കളിയാടി

ഇന്നോ ഭീകരഭാവം പൂണ്ടീ
ക്കരയെ വെല്ലു വിളിക്കുന്നു
കടലിൻ ഭിത്തികൾ കെട്ടും ഞങ്ങൾ

നിന്നെ നിലയ്ക്ക് നിർത്തും ഞങ്ങൾ



ആരോമൽ.എ 9C

# കോഴിക്കുഞ്ഞ്

ഓടിപിടിക്കുമ്പോഴ് ഓടിപിടിക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഓട്ടമത്സരമാണെന്ന്

ഓട്ടമത്സരമാണ്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത്.

പൂടപിച്ചപ്പോഴ് പൂടപിച്ചപ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഷേവിംങ് ചെയ്യുന്നെന്ന് ഷേവിംങ് ചെയ്യുന്നെന്ന്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത് .

കീറിമുറിക്കുമ്പോഴ് കീറിമുറിക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഓപ്പറേഷൻ ചെയ്യുന്നെന്ന് ഓപ്പറേഷൻ ചെയ്യുന്നെന്ന്

എന്നാണ് കോഴികുഞ്ഞ് പറയുന്നത്.

മഞ്ഞൾതേയ്ക്കുമ്പോഴ് മഞ്ഞൾ തേയ്ക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത്?

ഫേയ്ഷ്യൽ ചെയ്യുന്നെന്ന് ഫേയ്ഷ്യൽ ചെയ്യുന്നെന്ന്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത്.

ധ്വനി

എണ്ണയിലിട്ടുമ്പോഴ് എണ്ണയിലിട്ടുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

മുങ്ങിക്കുളിക്കുന്നെന്ന് മുങ്ങിക്കുളിക്കുന്നെന്ന്

എന്നാണ് ഓടിപിടിക്കുമ്പോഴ് ഓടിപിടിക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഓട്ടമത്സരമാണെന്ന്

ഓട്ടമത്സരമാണ്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത്.

പൂടപിച്ചുമ്പോഴ് പൂടപിച്ചുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഷേവിംങ് ചെയ്യുന്നെന്ന് ഷേവിംങ് ചെയ്യുന്നെന്ന്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത് .

കീറിമുറിക്കുമ്പോഴ് കീറിമുറിക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?

ഓപ്പറേഷൻ  ചെയ്യുന്നെന്ന് ഓപ്പറേഷൻ

ചെയ്യുന്നെന്ന്

എന്നാണ് കോഴികുഞ്ഞ് പറയുന്നത്.

മഞ്ഞള്  തേയ്ക്കുമ്പോഴ് മഞ്ഞൾ തേയ്ക്കുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത്?

ഫേയ്ഷ്യൽ ചെയ്യുന്നെന്ന് ഫേയ്ഷ്യൽ

ചെയ്യുന്നെന്ന്

എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത്.

എണ്ണയിലിട്ടുമ്പോഴ് എണ്ണയിലിട്ടുമ്പോഴ്

എന്താണ് കോഴിക്കുഞ്ഞ് പറയുന്നത് ?


മുങ്ങിക്കുളിക്കുന്നെന്ന്  മുങ്ങിക്കുളിക്കുന്നെന്ന്

കോഴിക്കുഞ്ഞ് പറയുന്നത്

വായിലിടമ്പോഴ്

ധ്വനി

വായിലിട്ടുമ്പോഴ്എന്താണ്കോഴിക്കുഞ്ഞ് പറയുന്നത് ?മേലേലോകം കാണാൻ പോണ് മേലേലോകം കാണാൻ പോണ് എന്നാണ് കോഴിക്കുഞ്ഞ് പറയുന്നത്.



പ്രീതിക പീതാംബരൻ

9E

## മരണം

നിദ്രയോളം മനോഹരമായ

മൗനവും....

ഉടലോളം മനോഹരമായ

നിഴലും....

നശിപ്പിക്കുവാനെനിക്കാവുകില്ല....

തൂങ്ങി മരിക്കുന്നവൻ കയറിൽ

കിടന്ന് പിടഞ്ഞ് പിടഞ്ഞ്

മരിക്കുവാനൊരുങ്ങുമ്പോൾ

അവന്റെ മുഖത്തേക്കൊന്ന്

ശ്രദ്ധിച്ച് നോക്കുക....

" വേണ്ട............

എനിക്ക് മരിക്കണ്ട" -

യെന്നൊരുപാട് തവണ

മന്ത്രിക്കുന്ന ചുണ്ടുകളെ

ധ്വനി

കാണുവാൻ കഴിയും....



ഫിദ.വി.എസ്സ്

9D

# മഴ

നൊമ്പരമെഴുതിയ   മഴയെ

എത്ര നീ വേദന

തന്നുവാലും പ്രണയിച്ച

പോയില്ലേ നിന്നെ

ഞാൻ മഴയെ.....

പ്രണയിച്ചിട്ടും ഞാൻ,

ധ്വനി

ഇനിയുള്ള കാലവും

നിൻ മഴത്തുള്ളി

കിലുക്കമാണിപ്പഴും

എൻ ഇടനെഞ്ചിൻ

ഹൃദയതാളം...

ആരോമൽ.എം എസ്

9E

# മഴ

ദൈവങ്ങളാൽ സ്വർഗ്ഗത്തിൽ നിന്നും

പൊട്ടിയുതിർന്ന് വീഴുന്ന പവിഴമാണ് ഞാൻപ്രകൃതി

അവളുടെ വയലുകളും ,താഴ്വരകളുംഅലങ്കരിക്കുവാൻ

കൊണ്ടുപോയിരിക്കും

മേഘത്തിൽ നിന്ന് വരുന്ന പവിഴമായ ഞാൻ

ഭൂമിയിൽ തട്ടി ചെറിയ ചെറിയ

മുത്തുകളായി മാറുന്നു

എന്റെ വരവിനെ ഇടിമുഴക്കം വിളംബരം ചെയ്യുന്നു

എന്റെ പുറപ്പെടലിനെ മഴവില്ല് പ്രഖ്യാപിക്കുന്നു

ഇളം തെന്നലിനൊപ്പം ഞാൻ പറന്നുയരുന്നു

എന്നെ ആവശ്യമുള്ള ഒരു വയൽ കാണുമ്പോൾ

ഞാൻ ഇറങ്ങിവന്ന് പുഷ്പങ്ങളേയും വൃക്ഷങ്ങളേയും

ആലിംഗനം ചെയ്യുന്നു

എനിക്കുവേണ്ടി കാത്തിരിക്കാൻ വറ്റിയ

വയലുകളും,കുന്നുകളും,മരങ്ങളും

ഉണ്ടായിരിക്കും

ധ്വനി

കടലിന്റെ പ്രതിരൂപമാണ് ഞാൻ
വയലിന്റെ ചിരിയും സ്നേഹത്തിന്റെ
ആഴക്കടലിലേക്ക് ഇറങ്ങുവാൻ
ഞാൻ എന്നും ഭൂമിയിൽ തന്നെ അവസാനിക്കുന്നു.



ജെസ്ന ഫാത്തിമ
9D

# മഴയുടെ പ്രണയം

തെക്കേ മുറിയിലെ ജാലകത്തിൽ
സന്ധ്യക്കു വീശിയ കാറ്റിനു പിന്നാലെ
കോരിക്കുടഞ്ഞിട്ട നീർത്തുള്ളികൾ
ആർത്തിരമ്പിയല തേങ്ങിത്തകർത്ത്

അലതല്ലിയാറി പൂഞ്ചോലകൾ

ചുറ്റും നിറച്ച് ആകെ കുതിർത്ത്

മഴയിലും മിഴിയിലെ നീർക്കണങ്ങൾ

ഇലകൾ നനച്ച് പൂക്കൾ കുതിർത്ത്

പരക്കെ താണ്ഡവം ജല താണ്ഡവം

അകലെ നിന്നാരോ പാട്ടുന്നിളംതണ്ടിൽ

മഴ പ്രണയിച്ചതാരെയാവാം....



ദുർഗ്ഗ ദത്തൻ

9E

## ഓർമ്മ

കാലം കടന്നു പോയി വേനൽ

മാറി ദശപുഷ്പങ്ങൾ ചിരിക്കുന്നു

ധ്വനി

എൻ മനമെന്തിനോ തേട്ടുകയാണ്
എവിടെപ്പോയി നീ എവിടെപ്പോയി

പിച്ചവെച്ചനാൾ നീ
എന്റെ സ്വന്തമെന്റെ സ്വന്തം
ആശകൊണ്ടു ന്യാറിലെന്നതൻ
എന്റെ സൗന്ദര്യ ഭ്രതി



നന്ദന.ജെ.എസ്സ്
9E

# ഓർമ്മത്തിരച്ചിൽ

ഇന്നു ഞാനോർക്കുന്നീവരാന്തയിലിരുന്നു-
കൊണ്ടന്നത്തെ ആ ദിനം വീണ്ടും വീണ്ടും
അമ്മയോടൊത്താ പാടവരമ്പത്തൊ-
ന്നിച്ചു കാലടിവച്ചതിന്നും
പൂവും കളിയും ചിരിയുമൊന്നിച്ചന്നു
കൂട്ടുകൂടി നിന്ന മധുരനിമിഷം
കൂട്ടുകാരുണ്ടായിരുന്നിട്ടും അന്നുഞാൻ
കൂട്ടായി കണ്ടതമ്മയെ മാത്രം
ഇന്നു ഞാനോർക്കുമ്പോൾ അന്നത്തെ
ആ ദിനം സ്വപ്നമായി തോന്നീടുന്നു
നിലാവുള്ള  രാത്രിയിൽ പൂർണ്ണചന്ദ്രനെ

നോക്കി കാര്യം പറഞ്ഞതും ഓർക്കുന്നു

ഓർക്കുമ്പോളാദിനം മധുരമായിത്തീരുന്നു

അന്നത്തെ എന്നെ ഇഷ്ടപ്പെടുന്നു ഞാൻ

പുത്തനുടുപ്പിട്ട് ഓണത്തിനന്നു ഞാൻ

അച്ഛന്റെ കൂടെ ഉണ്ടതും കളിച്ചതും

അന്നുഞാനെന്തായിരുന്നെന്നോർക്കുമ്പോൾ

ഇന്നത്തെ എന്നെ ഞാൻ വെറുക്കുന്നു നിശ്ചയം

മോഹമുണ്ടെങ്കിലും ഇനിയെനിക്കാവില്ല

അമ്മയെക്കാണാനും ഞാനായിത്തീരാനും

മിഴികൾ നിറഞ്ഞു വരാന്തയിലിരുന്നു ഞാൻ

പണ്ടത്തെ ആ ദിനം ഓർക്കുന്നു വീണ്ടും.



നൂറ ഫാത്തിമ

9A

# സൗഹൃദം

പെയ്യുന്ന മഴ പോൽ

വീശുന്ന കാറ്റു പോൽ

പൊഴിയുന്ന മഞ്ഞു പോൽ

ഒഴുകുന്ന നദി പോൽ

വിടരുന്ന പൂവു പോൽ

പറയാത്ത കഥ പോൽ

മറക്കാത്ത സ്വപ്നം പോൽ

മഴയുടെ സംഗീത സ്വരം പോൽ

## ധ്വനി

മുല്ലപ്പൂവിൻ ഗന്ധം പോൽ
തീരം തഴുകുന്ന തിരമാലകൾ പോൽ
ഒരു വസന്ത കാലം നൽകി

അതിൽ ഒരുപാട് സുഗന്ധം നൽകി
ഒടുവിൽ എല്ലാം ഓർമ്മകളാക്കി
മഞ്ഞു പോൽ മായുന്ന സ്നേഹം
അതാണ യഥാർത്ഥ സൗഹൃദം

നന്ദന കൃഷ്ണൻ
9D



# പഠനം

അരമയായ വിദ്യാർത്ഥികളേ ഇതിലേ ഇതിലേ

വരുന്ന യാമം നിന്നെ ശ്രുതി വീട്ടാൻ

ഉറക്കമേകാത്ത രാവുകളിൽ

വെളച്ചമേകുന്ന വൃഷടിതരംഗങ്ങളേ

സുഖം,സുഖം, രാവിനെ പകലാക്കും

അന്താപതരംഗ ദൈർഘ്യം

പഠനകാലം വാഴ്ത്തുന്ന വീഥി ഓടുന്നവനെ.



ആകാശ്.എസ്സ്

9E

# <u>പെണ്ണ്</u>

സ്വന്തമെന്ന് കരുതുന്നവയെ

മറ്റാർക്കും വിട്ടു കൊടുക്കാതെ

ചേർത്തുവയ്ക്കുന്നവൾ...

ചിറകുകൾ വിരിച്ച് പറക്കാൻ

ധ്വനി

ആഗ്രഹിക്കുന്നവൾ...

യാത്രകളെ ഇഷ്ടപ്പെടുന്നവൾ...

അത്രമേൽ ഇഷ്ടപ്പെട്ടതിനെ

വരയിലോ വിരിയിലോ

പകർത്തുന്നവൾ...

നാലു ചുവരുകൾക്കുള്ളിൽ

സ്വന്തം ലോകം പണിയുന്നവൾ...

ഒരിടത്ത് ശരീരവും മറ്റൊരിടത്ത്

മനസ്സുമായി ജീവിക്കുന്നവൾ...

അടുത്തറിഞ്ഞാൽ വെളിച്ചത്തിന്റെ

മാന്ത്രിക ലോകം തുറന്നിടുന്നവൾ...



ഫിദ.വി.എസ്സ്

9D

# <u>പ്രകൃതി സൗന്ദര്യം</u>

ഓരോ സുന്ദര പ്രകൃതി ഹൃദയങ്ങളെ
നിങ്ങളാടിപ്പാടിയോടിച്ചാടിയ
മൃഗങ്ങൾ തൻ മാതാവല്ലേ....
പൂക്കൾ വാക്കുകൾ ആകുമ്പോൾ

നിൻ സൗന്ദര്യം നാം നോവാക്കുന്നു
പാട്ടും നിൻ പാട്ടുകൾ ഓരോന്നും
മുത്തു പവിഴം പോലെ കാറ്റിലാട്ടുന്നു...
ഞാൻ കളിച്ചു ചിരിച്ചു നിൻ

മടിയിലുറങ്ങുന്നു..... മനസിൽ

സൗന്ദര്യ പുഷ്പമാടുന്നു.....

നാളെ തൻ കരങ്ങൾ

പാടുന്നു.... ചിരിക്കുന്നു......



നന്ദന.ജെ.എസ്സ്
9E

# പ്രകൃതിതൻ വികൃതി

കുടയേന്തി ഞാനും നടന്നാ വഴിയിന്നു

ഏതോ ഭ്രാന്തിയാം മഴയും എടുത്തുപോയി,

കരളിനുള്ളിൽ കരടുപോലെ

മായാതെ നിൽപ്പൂ ഓർമ്മകളും...

എല്ലാം മറന്നു,

നിന്നിൽ നനഞ്ഞൊരു

കാലമുണ്ടായിരുന്നുവെനിക്ക്,

കാർമുകിലിൻ മകളേ....

അത്രമേൽ പ്രണയിച്ചിരുന്നു നിന്നെഞാൻ...

പറയാതെ പെയ്തിറങ്ങി നീ,

അതിലെന്റെ പ്രാണൻ പിടഞ്ഞുപോയ്

അതിലെന്റെ സ്വപ്നം പൊലിഞ്ഞുപോയ്

കണ്ണിലിരുട്ട് വലിഞ്ഞുകേറി

കാത്തിരിക്കാനായ് കാലമൊന്നും

ബാക്കിവെച്ചില്ലാ...

നഷ്ടപ്പെടലിന്റെ നഷ്ടങ്ങളോർത്താൽ

നട്ടം തിരിയും നമ്മൾ

നട്ടം തിരിയാതെ ജീവിക്കുവാനായ്

നെട്ടോട്ടമോട്ടുന്നു നമ്മൾ

പാപിയായ് മാറിയതറിയാതെ ഞാനും

ധ്വനി

പലമൊഴി നിന്നെ പഴിച്ചു...

കാരണം തേടി അലഞ്ഞവരെല്ലാം

ഒടുവിലൊരുത്തരം ബാക്കിവെച്ചു...

എല്ലാം...,

പ്രകൃതിതൻ വികൃതികൾ മാത്രം.



ഫിദ.വി.എസ്സ്

9D

# രാത്രി

സൂര്യകിരണങ്ങൾ മാഞ്ഞുപോകവേ പ്രകൃതിതൻ
മിഴി പൂട്ടി മലരായി നിശ വരുമ്പോൾ
അന്തകാരത്തിൻ പ്രകാശം ചൂടി മിന്നാമിന്നിക്കൂട്ടം
ത്വരയായി ഉണരവേ ആ രാത്രി

സുഗന്ധകത്തിൽ മുഴ്കവേ ആരവം മുഴക്കി

വന്നെത്തും പേമാരി......

പേമാരി പെയ്യും മണ്ണിനെ  സുഗന്ധം

എൻ നാസികയിലെത്തവേ .....

ഇളം കാറ്റിലൂടെ നൃത്തം  ചെയ്യും മനോഹര

വൃക്ഷക്കരങ്ങൾ.....

കാറ്റിലൂടെ സുഗന്ധത്തിൻ ലേപനം

അറിയിച്ച് മുല്ല വീഥികളിലൂടെ കടന്നുപോകുന്നു....

കടൽനീഥികളിൽ  ഉയർന്നുപൊങ്ങും

തിരമാലകൾതൻ  ശബ്ദത്തിൽ ലയിച്ച

ഞാൻ......

രാത്രിതൻ നിലാവിൽ ലയിച്ച   നൃത്തമാടുന്ന

പ്രകൃതിമക്കൾ.......



ധനുഷ് രാജ്

9E

# ശിശിരത്തിന്റെ കണ്ണീർ

വസന്തത്തിൽ ഞാൻ ആനന്ദിച്ച
ഒരോ കാലവും വന്നു മറയുമ്പോൾ
എന്നിലുണ്ടാകുന്ന മാറ്റങ്ങൾ.......

പൂത്തു നിൽക്കുന്ന തളിർത്തു നിൽക്കുന്ന
എന്നെ പലർക്കും വിസ്മയമാക്കി മാറ്റി.
അവരുടെ കണ്ണുകളിലെ കറുത്ത

പൊട്ടുകളിൽ എന്നോടുള്ള അസൂയ മാത്രം

ചെടികൾക്കും വൻ വൃക്ഷങ്ങൾക്കും എന്നോടുള്ള

അസൂയ മാത്രം.

ശിശിര കാലത്തിന്റെ ഗമനത്തിൽ

പൊട്ടുന്നനേയുള്ള എന്റെ മാറ്റങ്ങൾ

അന്യർക്കു മുന്നിൽ ഞാൻ അമൃത-

മൊഴിഞ്ഞ പാത്രമായി.

അസൂയ ഒഴിഞ്ഞ കണ്ണുകളിൽ

സഹതാപം മാത്രം.

എൻ കുഞ്ഞുങ്ങളാം ഇലകളെ

എന്നെ എന്നിൽ നിന്ന് പറിച്ചെടുത്ത

ഇലകളെ ,ഞാൻ തന്നെ തിന്നുന്നു കൊല്ലുന്നു......

ഓരോ നേത്രങ്ങളിലും സഹതാപത്തോടു-

ള്ള മൗനമായ നോട്ടങ്ങൾ മാത്രം.

അവ എന്നെ ഞാൻ അല്ലാതാക്കി മാറ്റി...

ശിശിരമെന്നെ ഭ്രാന്തുപിടിപ്പിച്ച് തന്റെ

കുഞ്ഞുങ്ങളെ തിന്നുന്ന ക്രൂരയായി മാറ്റി.

മാതൃത്വത്തിന്റെ വിരലുകൾ തഴുകുന്ന

ഞാൻ ഞാനല്ലാതെയായി..

ഓരോ ദിവസവും ഈ ദുഃഖത്തിൽ

ഞാൻ അലിഞ്ഞു ചേരുന്നു.

ഞാൻ കാത്തിരിക്കുന്നു.

ഞാൻ പ്രതീക്ഷിക്കുന്നു.

ഓരോ സൂര്യോദയ അസ്തമയങ്ങളിലും

ഞാൻ കൊന്ന എന്റെ കുഞ്ഞുങ്ങളുടെ

തിരിച്ചു വരവിനായി.....

ഒരമ്മയുടെ വേദനയുടെ ഫലമായി..

അമൃത തുല്യരാം എൻ അരുമകളുടെ

നില വിളികൾ മാത്രം....

ഒരു കൊടുങ്കാറ്റു പോലും

എൻ ഇലകളെ വേദനിപ്പിച്ചില്ല....

എന്നിട്ടും എന്തേ എനിക്കു

മാത്രമീ വിധി......

ഇലകളെന്നെ സ്നേഹത്താൽ മൂടുമ്പോൾ

അവരറിയുന്നില്ല ഈ മാതാവിന്റെ

ക്രൂരമായ മുഖം.....

എന്നു തീരുമെൻ വേദന...

എന്നു മാറ്റുമെൻ വേദന...

ധ്വനി

ഒരു ജന്മത്തിന്റെ ക്രൂരമായ വിധി..

ശിശിരത്തിന്റെ ക്രൂരമായ

ലീലകൾ............................



പ്രീതിക പീതാംബരൻ

9

E

# സ്വപ്നങ്ങൾ മായ്ച്ചുകളഞ്ഞ മുഖം

ഇന്നുമാരാത്രിയിൽ എന്നുടെ നിദ്രയിൽ

വിണ്ണിൽ നിന്നൊരു സ്വപ്നം വീണലിഞ്ഞു

എവിടെയോ കണ്ടുമറന്നൊരാമുഖം

സ്വപ്നത്തിൻ തിരകളിൽ മാഞ്ഞുപോയി

എവിടെയാമുഖമെന്നു പരതി

എങ്കിലുമെവിടെയാണെന്നെനിക്കറിയുകില്ല

കിനാവിന്റെ വാതിലുകൾ തള്ളിത്തുറന്നു

ഞാൻ ഏതോ സ്ഥലത്തോടിയെത്തീ...

ഞെട്ടിത്തരിച്ചു പോയി ഞാൻ

കണ്ടൊരാമുഖംഎന്നുടെ അച്ഛന്റേതായിരുന്നു.....

വാത്സല്യമേകം നിലാവിനെപ്പോലെ

എൻ അച്ഛനതാ എന്റെ മുന്നിൽ നിൽപ്പൂ
ഞാനോടിയെത്തിയച്ഛനെ കെട്ടിപ്പിടിച്ചു.
കരഞ്ഞുപോയ് ഏറെനേരം....
പെട്ടെന്നു തന്നെയെന്നച്ഛനെന്നേ വിട്ടേതോ
ഇരുളിൽ മറഞ്ഞുപോയി....
അവിടെ ചെന്നു  ഞാൻ കരഞ്ഞു
അച്ഛനെ ഏറെനേരം ഞാൻ വിളിച്ചു
മറുപടിയില്ല നിശ്ബദതമാത്രം
ഏകാന്തതയുടെ ആ തീരങ്ങളിൽ
ഞാൻ ഞെട്ടിയെഴുന്നേറ്റു നിദ്രയിൽ നിന്നും
കണ്ടില്ല അച്ഛനെ എങ്ങുമെങ്ങും
സ്വർഗകുമാരികളെന്നു കവികൾ വാഴ് ത്തുന്ന

ധ്വനി

സ്വപ്നങ്ങളേ.......

നിങ്ങൾ തൻ മഹാസാഗരത്തിൽ എവിടെയെങ്കിലും

എൻ അച്ഛന്റെ മുഖം ശേഷിക്കുകിൽ

ഒരിക്കൽ കൂടിയെൻ നിദ്രയിലലിഞ്ഞുചേരൂ...

ഒരിക്കതൽ കൂടി ആ മുഖം കാട്ടിത്തരൂ......



പ്രിയ.ബി

9E

# നീതിക്ക് വേണ്ടി സഖാവ്

ചോരത്തുള്ളികൾ വീണ മണ്ണിൽ
നീതിക്കുവേണ്ടി മരിച്ചുകിടക്കുന്നു
ഓരോ സഖാക്കളും അഭിമാനമേറി
തോറ്റില്ല തോൽക്കില്ല ഇനിയൊരു നാളിലും
തോറ്റചരിത്രം കേൾക്കുകയില്ല
ഓരോ ജനതയും ഓരോ മനുഷ്യനും
സഖാവെന്ന ചങ്കുപിളർക്കുന്ന മുദ്ര
വാക്യമില്ലാത്തൊരീ ജീവിതം വേണ്ട
നീതിയും ചിന്തയും ശാന്തി സമാധാനം
കാട്ടിത്തരുന്ന നേരായ് സഖാവ്
നീതിയില്ലെങ്കിൽ തീയാകും സഖാവ്

ധ്വനി

നീതിക്ക് പോരാട്ടം സഖാവ്

കൺതുറന്നീടുമാ നീതിപീഠം  ഒപ്പം

കരുത്തോടെയുണ്ടേ സഖാക്കൾ

നിന്റെ ആത്മാർത്ഥമാം ചങ്ങായിയായി

കൂടെ വെളിച്ചം പകരും സഖാക്കൾ

ഇല്ല ഇനി നീതിയില്ലാത്തൊരു

ജീവിതം ഈ ചോരമണ്ണിൽ

പിച്ചവച്ചു നടക്കുന്നൊരാ കുട്ടികൾക്കെന്തറിയാം

ഈ നാടിനെപ്പറ്റി

കൊലപാതകങ്ങൾ പീഡനങ്ങൾ കൊച്ചു

മക്കളെ പോലും കൊല്ലുന്ന ജനത



ആർദ്ര.എസ്സ്.എൽ

9E

# വർണ്ണസുരഭി

പൂക്കൾ തോറും വാരിവിതറി

മന്ദസ്മിതം പുൽകി നിൽക്കുന്നു.

രാവും പകലും നോവിൻ ശിൽപം

മിതമായി തണലാക്കി നിൽപ്പൂ..

സംഗീത പുഷ്പ സുഗന്ധം തേടി

അലയുകയാണീ പുഷ്പവാടി....

ചാഞ്ചാടി പാറൂ നീ......

പല വർണ്ണങ്ങളിലെ പൂക്കളുമായി

ധ്വനി

ചിരിക്കുകയാണീ പുഷ്പം

ചിന്തിച്ചു ചിന്തിച്ചു ശലഭങ്ങളാടി

വണ്ടുകൾ പാറി...... വർണ്ണസുരഭിയാം

പൂക്കൾക്കുമേൽ...

വിസ്മയ.യു. എസ്സ്

9E

# വർണ്ണസൗന്ദര്യം

ഛായങ്ങൾ പൂശുന്ന വീഥികളിൽ

ഇളം പച്ചയിൽ സന്ധ്യ തളിരി-

ട്ടുന്ന വർണ്ണസൗന്ദര്യത്തെ

കാറ്റിലാടിച്ച് വേനൽ പോൽ

തൻ സൂര്യൻ ഒഴുകിമാറുന്നു.

രക്ത ശോഭയിൽ തൻ

ധ്വനി

സുഗന്ധ മാരുതിയെ ഛായം പൂശി

മയക്കിവീഴ്ത്തുന്നു.....

ഓരോ വർണ്ണവും അതിന്റെ

മായാജാലത്തിൻ അതിരിൽ

മാഞ്ഞു മറയുന്നു .....

ഒരു നാളിൽ വർണ്ണങ്ങൾ പറക്കും

പാറി മറയും ഈ വേനലിൻ

ചൂടിൽ ഉഷ്ണതരംഗങ്ങൾ ഏറെ......



പ്രിയ.ബി

9E

# മുറ്റത്തെ മുല്ല

ഇന്നലെയന്തിക്കെൻ മുറ്റത്തെ മുല്ലയിൽ

മുത്തു പോലുള്ളൊരു പൂ വിരിഞ്ഞു.

ചുറ്റും പരന്നതിൻ ഗന്ധം മനസ്സിലൊ-

രായിരം പൂത്തിരി കത്തി നിന്നു.

കന്നി മലരിന്റെ പുഞ്ചിരി കണ്ടെത്തി

അമ്മ തൻ ചുണ്ടിലും പൂ വിരിഞ്ഞു!

പുഞ്ചിരി കണ്ടെന്റെ ചേച്ചിയും മുറ്റത്ത്

ുമലർ പോലെ ചിരിച്ചു നിന്നു.

മുല്ലയ്ക്കു നല്ലൊരു മുത്തം കൊടുക്കവാ-

ധ്വനി

നാശിച്ച ഞാനതിൻ ചാരെ നിൽക്കെ

പെട്ടെന്നു വന്നൊരു തെന്നലാ പൂവിനെ

നുള്ളിയെടുത്ത് പറന്നു പോയി!

തേങ്ങിക്കരയുന്നൊരെന്നെ പുണർന്നമ്മ

കാതിൽ കളിയായിയോതി മെല്ലേ...

മണ്ണിൽ കൊഴിയുന്ന പൂക്കളാണുണ്ണിയാ-

വിണ്ണിലെ നക്ഷത്ര ജാലമെല്ലാം...



പ്രിയ.ബി

9E

# പൂമൊട്ട്

പൂക്കളെന്നും മൊട്ടിടുമ്പോഴും മനസ്സിൽ

നിറയും പ്രതീക്ഷ മൊട്ടിടുന്നു.

അതിന്റെ  കുഞ്ഞിതൾവിരിഞ്ഞുവരുമ്പോൾ

എന്നും മനം കൊതിക്കുന്നു അതൊന്നു കാണാൻ

ഇതളിൽ മഞ്ഞുതുള്ളി വീഴുമ്പോൾ

എൻ മനസ്സും കൊതിച്ചുപോകും.

അത് എത്ര ഭംഗി നിറമെന്ന്

ഞാൻ കൊതിച്ചു കാത്തുനിൽക്കും

പോലെ  തുമ്പികളും പാറിയെത്തുന്നു.

എന്നാൽ അതിൻ ഭംഗി നിൽക്കും

ദിനങ്ങൾ സ്വപ്നമായി നിൽക്കുന്നു. അങ്ങനെ

അതിൽ ജീവൻ ഒതുങ്ങി-

ട്ടുമ്പോൾ എൻ മനം നിറഞ്ഞു

നിൽക്കും ദു:ഖങ്ങൾ മാത്രം.

പൂക്കളെന്നും മൊട്ടിട്ടുമ്പോഴും മനസ്സിൽ

നിറയും പ്രതീക്ഷ മൊട്ടിടുന്നു.



പ്രിയ.ബി

9E

# പൂന്തോട്ടം

മുറ്റത്തുണ്ടൊരു പൂന്തോട്ടം

പലനിറമോലും പലമണമോലും

പൂവിടരും പൂന്തോട്ടം

പൂക്കൾ വിടരും പൂന്തോട്ടം

ധ്വനി

പൂമണം വിടരുന്ന പ്രഭാതമേ

മന്ദമാരുതൻ തഴുകുന്ന

പൂമ്പാറ്റകൾ പാറിപ്പറക്കുന്ന

പറവകൾ മാടിവിളിക്കുന്ന

പൂവിടരും പൂന്തോട്ടമേ.....

തലയിൽ ചൂടുവാൻ

പുതുമണം വിടർത്തുന്ന

പൂന്തോട്ടമേ......

നിന്റെ സൗന്ദര്യം ഭൂമിയിൽ

ഉളവാക്കുന്ന സ്വപ്ന ജാലകമേ..

പ്രിയ.ബി



# 9E

# ആസ്വാദനം



# പാത്തുമ്മയുടെ ആട്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് 'പാത്തുമ്മ-യുടെ ആട്' .1959-ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു . വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള തന്റെ കുടുംബവീ-ട്ടിൽ കഴിയവേ 1954 -ൽ ആണ് ബഷീർ ഇത് എഴുതുന്നത്.ബഷീറിന്റെ അമ്മയും,സ-

ഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന  കൂട്ടുകുടുംബം,ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരു-ന്നത്.അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ കൃതിയിൽ.ആ വീട്ടിലെ ഓരോ കുടുംബാംഗങ്ങൾ എന്നുവേണ്ട ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ്.1954 ഏപ്രിൽ 27 ന് എഴുതിത്തീർന്ന ഈ കൃതി,തിരുത്തുകയോ പകർത്തി എഴുതി ഭംഗിയാക്കുകയോ വൈക്കം മുഹമ്മദ് ബഷീർ ശ്രമിച്ചിട്ടില്ല.



ധ്വനി

ഷഹന.എസ്സ്
9D

# കടങ്കഥകൾ



1. വേലിപൊത്തിൽവൈരക്കല്ല് -

മിന്നാമിനുങ്ങ്

2. അടിക്കാത്ത മുറ്റമേത് -

ധ്വനി

ആകാശം

3. കുളിക്കാൻ പോകുമ്പോൾ വെളുത്തമ്മ,

കുളിച്ചു വരുമ്പോൾ പൊന്നമ്മ-

പപ്പ

ടം

4. ഇത്തിരി മുറ്റത്തൊത്തിരി വള്ളി -

കൈരേഖ

5. വട്ടത്തിൽ ചവിട്ടിയാൽ നീളത്തിൽ ഓടും -

സൈക്കിൾ

6. ഓടും കാലില്ല, കരയും കണ്ണില്ല,

ചിരിക്കാൻചുണ്ടില്ല , അലറും വായില്ല -

മേഘം

7. ഞെട്ടില്ലാ വട്ടയില -

വപ്പടം

8. കാലുകൊണ്ട് വെള്ളം കുടിച്ച് തല കൊണ്ട് മുട്ടയിടും -

തെങ്ങ്

9. ഇട്ടാൽ പൊട്ടുന്ന കിങ്ങിണി മുട്ട - കടുക്

10. ഉറങ്ങും കണ്ണടക്കില്ല - മീൻ

ധ്വനി

11. ഞാൻ നോക്കിയാൽ എന്നെ നോക്കും

-

കണ്ണാടി

12. അടക്കും തുറക്കും കിങ്ങിണി പത്തായം

-

കണ്ണ്

13. ആയിരം തിരിയിട്ട് കത്തിച്ച പൊൻവിളക്ക്

-

സൂര്യൻ

14. കാള കിടക്കും കയറോടും -

മത്തൻ

ധ്വനി

15. ജലജന്തുവായി ജനിച്ച്, ഭാഗവരായി മരിച്ച

-

കൊതുക്

16. അകത്തു രോമം പുറത്തിറച്ചി -

മൂക്ക്

17. മൂക്കണ്ണൻ ചന്തയ്ക്ക് പോയി -

തേങ്ങ

18. എവിടെ നോക്കിയാലും കായില്ലാ പന്തൽ -

ആകാശം

19. മുറ്റത്തെ ചെപ്പിന് അടപ്പില്ല -

കിണ

ർ

ധ്വനി

20. ഒരു കുപ്പിയിൽ രണ്ടു നിറം-

മുട്ട

21. പച്ച ബസ് ചുവന്ന സീറ്റ് കറുത്ത ആൾക്കാർ-

തണ്ണിമത്തൻ

22. ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര-

ചെരുപ്പ്

23. ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാർ-

ധ്വനി

പാ

ക്ക്

24. കാളകിടക്കും കയറോട്ടും-

മ

ത്തൻ

25. ആന കേറാമല ആട്ട കേറാമല ആയിരം

കാന്താരി പൂത്തിറങ്ങി-

നക്ഷത്രം

26. മണ്ണിനടിയിൽ വെള്ള സായിപ്പ്-

ക്കുവക്കിഴങ്ങ്

27. ഒരു ബെൽറ്റിൽ ആയിരം പോലീസ്-

ധ്വനി

ച്ചൂല്

28. ആകാശത്തെ വെള്ളിക്കിണ്ണം-

ച

ന്ദ്രൻ

29. ഉത്താലും ഉത്താലും തീരാത്ത മുറ്റം-

ആക

ാശം

30. ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം-

കട്ടുറു

മ്പ്

31. ഉട്ടപ്പൂരി കിണറ്റിൽ ചാടി-

ധ്വനി

പഴം

32. പൗഡറിട്ട് ചന്തേൽ പോയി-


കുമ്പളങ്ങ

33. കിലുക്കം കിക്കിലുക്കം ഉത്തരത്തിൽ-

താക്കോൽ

34. 16.കണ്ടാൽ സുന്ദരൻ തൊട്ടാൽ കടിക്കും-

തീ




പ്രീതിക പീതാംബരൻ

9E

ധ്വനി

# കുസൃതി ചോദ്യം



- വേഗത്തിൽ ഒന്നാമൻ
  പേരിൽ രണ്ടാമൻ
  സ്ഥാനത്തിൽ മൂന്നാമൻ

  -സെക്കന്റ് സൂചി
- കടയിൽ നിന്ന് വാങ്ങാൻ കിട്ടാത്ത ജാം

  ട്രാഫിക്ക് ജാം
- കാരറ്റ് മാത്രം വാങ്ങാൻ കിട്ടുന്ന കട

  ജൂവലറി
- ലോകത്തിലെ ഏറ്റവും ചെറിയ പാലം

  -മൂക്കിന്റെ പാലം
- കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത വളം

  കോവളം
- വലിച്ചാൽ വലുതാകുന്നത് , റബ്ബർ

വലിച്ചാൽ ചെറുതാകുന്നത്

സിഗരറ്റ്

- ധാരാളം ആളുകൾ കൂടുന്ന ഇംഗ്ലീഷ് അക്ഷരം

ക്യൂ(Q)

- വിക്ക് ഇല്ലാത്ത ആളുകൾ വിക്കി വിക്കി പറയുന്നത്

കൊക്കൊക്കോള

- വെള്ളത്തിൽ അലിയുന്ന പൂ

ഷാംപൂ

- ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സിറ്റി

ഇലക്ട്രിസിറ്റി

- വെള്ളത്തിൽ ജനനം വെള്ളം കൊണ്ട് മരണം

ധ്വനി

ഉപ്പ്



ഷഹന.എസ്സ്

9D

# ചോദ്യാവലി



- ഇന്ത്യയിലെ ഏറ്റവും വലിയ പൊതു മേഖലാസ്ഥാപനം ഏത്?

ഇന്ത്യൻ റെയിൽവേ

- ബൈബിളിന്റെ ഏത് ഇന്ത്യൻ ഭാഷയിലാണ് തർജ്ജമ ചെയ്തത്?

തമിഴ്

- മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ രചിച്ചതാര്?

ഒ. ചന്തുമേനോൻ

- ഏറ്റവും പഴക്കമുള്ള വേദം ഏത്?

ധ്വനി

ഋഗ്വേദം

- ആദ്യമായി ഹാർമോണിയം ഉപയോഗിച്ചത് ഏത് രാജ്യം?

ഫ്രാൻസ്

- എവറസ്റ്റ് കീഴടക്കിയ ആദ്യ വനിത?

ജുങ്കോതാംബൈ

- സംഖ്യ ശാസ്ത്രം രചിച്ചതാര്?

കപിലൻ

- യോഗ ശാസ്ത്രം രചിച്ചതാര്?

പതജ്ഞലി

- പോർച്ചുഗീസുകാരനായ വാസ്കോഡഗാമ മരിച്ചതെവിടെ വെച്ച്?

കൊച്ചിയിൽ വച്ച്

- മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യം ഏത്?

ഉണ്ണിനീലിസന്ദേശം

- 'ഇയാഗോ' എന്ന വില്ലൻ കഥാപാത്രത്തെ രചിച്ചതാര്?

വില്ല്യം ഷേക്സ്പിയർ

- ദിൻ-ഇലാഹി എന്ന മതം സ്ഥാപിച്ച മുഗൾ ചക്രവർത്തി ആര്?

അക്ബർ ചക്രവർത്തി

- ഭാരതത്തിൽ ആദ്യമായി നോബൽ സമ്മാനം ലഭിച്ചതാർക്ക്? -

രവീന്ദ്രനാഥ് ടാഗോർ

- കറുത്ത സ്വർണ്ണമെന്ന് അറിയപ്പെടുന്നത് എന്തിനെയാണ്? -

  കുരുമുളക്

- ലോകത്തിലെ ഏറ്റവും വലിയ ഭൂഖണ്ഡം ഏത്? -

  ഏഷ്യ

- ലോകത്തിലെ ഏറ്റവും വലിയ ജീവി? - നീലത്തിമിംഗലം
- ഭാരതത്തിലെ സുഗന്ധദ്രവ്യങ്ങളുടെ പൂന്തോട്ടം എവിടെ? -

കേരളം

- ദേശീയ പതാക ? -

1947 ജൂലൈ 22

- ലോകത്തിലെ ഏറ്റവും വലിയ കൊട്ടാരം എവിടെ സ്ഥിതി ചെയ്യുന്നു? -

വത്തിക്കാൻ

- ഇന്ത്യയിലെ ഏറ്റവും ഉയർന്ന നീതിപീഠം ഏത്? -

സുപ്രീംകോടതി

- 'ഡിസ്കവറി ഓഫ് ഇന്ത്യ' ആരാണ് എഴുതിയത്?

  \-

  ജവഹർലാൽ നെഹറു

- ഏറ്റവും കൂടുതൽ വേഗത്തിൽ വളരുന്ന

  സസ്യമേത്? -



മുള

നന്ദന.ജെ.എസ്സ്

9E

ധ്വനി

# പഴഞ്ചൊല്ല്



- അങ്ങാടിയിൽ തോറ്റാൽ അമ്മയ്ക്ക് കുറ്റം.
- അടികൊണ്ട വിദ്യയേ അരങ്ങത്തു കാണൂ.
- അട്ടയ്ക്ക് കണ്ണും കുതിരയ്ക്ക് കൊമ്പും.
- ആനയ്ക്ക് ആനയുടെ വണ്ണമറിയില്ല.
- ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടില്ല.
- ഉടഞ്ഞ ശംഖിൽ ഊതരുത്.

- എന്നും പകിട പന്ത്രണ്ടാവില്ല.

- ഉപ്പ് തിന്നുന്നവൻ വെള്ളം കുടിക്കും.

- ഉടഞ്ഞ ശംഖിൽ ഊതരുത്.

- എന്നും പകിട പന്ത്രണ്ടാവില്ല.

  മുഴച്ചിരിക്കും.

- ഊട്ടുള്ളവനേ ഓല വായിക്കൂ.

- എണ്ണിച്ചുട്ട അപ്പം പോലെ.

- ഒരു വേനൽക്ക് ഒരു മഴ.
- ഒത്തു പിടിച്ചാൽ മലയും പോരും.
- അടി തെറ്റിയാൽ ആനയും വീഴും
- വടികൊടുത്ത് അടി വാങ്ങുന്ന വിദ്യ
- വീട്ടു മറന്നാലും മൂട് മറക്കരുത്
- വെളുക്കാൻ തേച്ചത് പാണ്ടായി
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും

- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- മടിയൻ മല ചുമക്കും
- മിണ്ടാപ്പൂച്ച കലം ഉടയ്ക്കും
- മിന്നുന്നതെല്ലാം പൊന്നല്ല
- മുറ്റത്തെ മുല്ലയ്ക്ക് മണമില്ല
- പണത്തിന് മീതേ പരുന്തും പറക്കുകയില്ല
- പലതുള്ളി പെരുവെള്ളം

- പോയ ബുദ്ധി ആന വലിച്ചാലും വരില്ല
- ഗതികെട്ടാൽ പുലി പുല്ലും തിന്നും
- പിള്ള മനസ്സിൽ കള്ളം ഇല്ല
- പോയാൽ ഒരു വാക്ക് കിട്ടിയാൽ ഒരു ആന
- പാപി ചെല്ലുന്നിടം പാതാളം
- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തുക
- അടി തെറ്റിയാൽ ആനയും വീഴും

- നേരെ വാ നേരെ പോ


- ഇരുന്നിട്ടേ കാൽ നീട്ടാവൂ




അൻഫൽ.എൻ 9 E

# മഹത് വചനം

- മാതൃഭാഷയെ സ്നേഹിക്കാത്തവൻ





മാതൃഭൂമിയെ സ്നേഹിക്കാൻ കഴിയില്ല

-ഗാന്ധിജി

- എന്റെ ജീവിതമാണ് എന്റെ സന്ദേശം

-ഗാന്ധിജി



- ഇനിയും മരിക്കാത്ത ഭൂമി

നിന്നാസന്നമൃ-

തിയിൽ നിനക്കാത്മശാന്തി

ഒ.എൻ.വി



- ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്

-ശ്രീ നാരായണ ഗുരു



- സ്വാതന്ത്ര്യം,സമത്വം,സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമായ സമൂഹമാണ്എന്റെ മാതൃക

-ഡോ. ബി.ആർ അംബേദ്കർ



- ജാതി ചൊല്ലി,മതം ചൊല്ലി
  ദേശം ചൊല്ലി,നിറം ചൊല്ലി
  മാനുഷത്തെ തുണ്ടു തുണ്ടായ്
  മുറിച്ചിടായ് വിൻ

-സഹോദരൻ അയ്യപ്പൻ




നന്ദന കൃഷ്ണൻ

9D

# ചിത്രങ്ങൾ

ധ്വനി






ധനുഷ്.രാജ്

9E

ധ്വനി






സാന്ദ്ര.എസ്സ്.എസ്സ്

9E

ധ്വനി






ജെസ്ന ഫാത്തിമ

9D

ധ്വനി






പ്രിയ.ബി

9E

ധ്വനി







ധ്വനി

## അൻഫൽ. എൻ

9E








G H S S CHITHARA

ധ്വനി

ശ്രീജിത്ത്.ജെ.എം

9E



ധ്വനി

പ്രിയ.ബി



9E






ദുർഗ്ഗ ദത്തൻ

ധ്വനി

9E





ന

ദന.ജെ.എസ്സ്

9E






അൻഫൽ എൻ

9E

# ജീവചരിത്രം



# ചെറുശ്ശേരി

ക്രി.വ. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി. കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച 'കൃഷ്ണഗാഥ'യാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.



നന്ദന ജെ എസ്സ്
9E

# നാരായൻ



ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെടുന്ന കുടയത്തൂരിൽ 1940 സെപ്റ്റംബർ 26 നു ജനിച്ചു. "കൊച്ചരേത്തി" യാണ് അദ്യ നോവൽ. ഊരാളിക്കുട്ടി, വന്നല, ആരാണു തോൽക്കുന്നവർ,കഥകൾ -നാരായൻ എന്നിവയാണ് പ്രധാന കൃതികൾ. ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് രചനകൾ. "കൊച്ചരേത്തി"ക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.




സാന്ദ്ര.എസ്.എസ്
9E

ധ്വനി

# നിത്യചൈതന്യയതി

**(1924 --1999)**



G H S S CHITHARA

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു.

തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ

പ്രശസ്തൻ. മനശാസ്ത്രം ജീവിതത്തിൽ, യതിചര്യ,

മൂല്യങ്ങളുടെ കുഴമറച്ചിൽ, നളിനി എന്ന

കാവ്യശില്പം, സമ്യക്കായ ലോകവീക്ഷണം,

എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും

തുടങ്ങിയ നൂറിലേറെ മലയാളകൃതികൾ

രചിച്ചിട്ടുണ്ട്. ചലചിത്ര ഗാനങ്ങൾ തുടങ്ങി

അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു.

കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.




അൻഫൽ .എൻ

9E

# പി.ഭാസ്കരൻ

(1924- 2007)



കവി, ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ.ദീർഘകാലം ആകാശവാണിയിൽ

ജോലിചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിലെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി.ഡാനിയേൽ അവാർഡ് എന്നീബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജ്ജിക്കുന്നു, ഓടക്കുഴലും ലാത്തിയും,ഒരിക്കൽക്കൂടി, രണഭേരി, കർഷകഗാനം, മുൾക്കിരീ, മുഖത്തോടുമുഖം, ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുരിപ്പാൽ, കാടാറുമാസം, സിനിമാനിർമ്മാണം, എന്നിവയാണ് പ്രധാന കൃതികൾ.



പ്രിയ.ബി

9E

# സി.വി. ശ്രീരാമൻ

(1933 -2007)


തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത്, രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ. കേരളസാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര-സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്. വാസ്തുഹാര, ക്ഷുരസ്യധാര, ഓർമ്മച്ചെപ്പ്,തീർഥക്കാവടി,ദുഃഖിതരുടെ ദുഃഖം, പുറംകാഴ്ചകൾ, ചക്ഷുഃശ്രവണഗളസ്ഥമാം, തുടങ്ങിയവ കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



സാന്ദ്ര.എസ്.എസ്
9E





# നന്ദി.....